കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# പുലിയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി12-185/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി. 22.05.2020

ഫോൺ – 0477 2252753

ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുലിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുലിയൂർ ഗ്രാമപഞ്ചായത്ത് 2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുലിയൂർ ഗ്രാമപഞ്ചായത്ത് 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 ഇവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി12-185/2020 തീയതി. 22.05.2020

**ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01-10-2018 മുതൽ 31-12-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | കെ.വി.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 15-01-2020 മുതൽ 24-01-2020 വരെ | ശ്രീമതി സുജ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ.പ്രവീൺഷേണായി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഉണ്ണികൃഷ്ണൻ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി റ്റി.റ്റി.ഷൈലജ | 01.04.2018 മുതൽ 31.3.2019 വരെ |

**2).സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.എം.ജി.ശ്രീകുമാർ | 01.04.2018 മുതൽ 31.3.2019 വരെ |
| 2 | വികസനകാര്യം | ശ്രീമതി അമ്പിളി ബാബുരാജ് | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.പ്രദീപ് | 01.04.2018 മുതൽ 31.3.2019 വരെ |
| 4 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീമതി.രാധാമണി.സി.എസ് | 01.04.2018 മുതൽ 31.3.2019 വരെ |

**3) സെക്രട്ടറി**

| | |
|---|---|
| ശ്രീമതി ആർ.ശ്രീല | 01.04.2018 മുതൽ 31.03.2019 വരെ |

**4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി മഞ്ജുഷ.എൻ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി അമ്പിളി തങ്കപ്പൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി അജി സുജാതൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.പി.ബി.പ്രദീപ്കുമാർ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, (ആയുർവേദം) | ഡോ.ലേഖ.വി.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ആഷാ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി രജിമോൾ.റ്റി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്സ്, | ശ്രീമതി എ.സി.ലീല | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി അമിതാമോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി മഞ്ജു ജോർജ്ജ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ബിന്ദു.എസ് | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1 മുതൽ 1-12 വരെ | പൊതു അവലോകനം |
| 2 | 1-13 | സഞ്ചയയിൽ ഡേറ്റാ എൻട്രി ചെയ്ത നിരവധി കെട്ടിടങ്ങൾ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല |
| 3 | 1-14 | റോഡ് സൗകര്യത്തിനുള്ള നികുതി വർദ്ധനവ് വരുത്താതെ നികുതി ചുമത്തി |
| 4 | 1-15 | ആകെ തറവിസ്തൃതിക്കനുസൃതമായി വസ്തു നികുതി ചുമത്തിയില്ല |
| 5 | 1-16 | ലോഡ്ജിംഗ് ആവശ്യങ്ങൾക്കായി നിർമ്മിച്ച കെട്ടിടത്തിനെ പാർപ്പിട ആവശ്യങ്ങൾക്കായി നികുതി ചുമത്തി |
| 6 | 1-17 | ലൈസൻസ് നൽകിയ കെട്ടിടത്തിന്റെ ഉപയോഗക്രമം സംബന്ധിച്ച് അവ്യക്ത-റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് |
| 7 | 1-18 | ലൈസൻസ് എടുക്കാതെ ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നു |
| 8 | 1-19 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്യുന്നില്ല |
| 9 | 1-20 | ഇ-ടെന്റർ :ഫീസിനത്തിൽ ലഭിച്ച 26208/- രൂപ തിരികെ ലഭിച്ചിട്ടില്ല |
| 10 | 1-21 | ഗ്രാമപഞ്ചായത്തിൽ നിന്നും കെ.എസ്.ഇ.ബി വാണിജ്യ നിരക്കുകൾ ഈടാക്കുന്നു |
| 11 | 1-22 | സമയബന്ധിതമായി പൂർത്തിയാകാത്ത മരാമത്ത് പ്രവർത്തിക്ക് ഫൈൻ ഈടാക്കിയില്ല |
| 12 | 1-23 | നൂറ്റുവൻപാറ കുടിവെള്ള ടാങ്ക് മെയിന്റനൻസ് വിനിയോഗ & പൂർത്തീകരണ |

| | | |
|---|---|---|
| | | സാക്ഷ്യപത്രം ലഭ്യമായില്ല |
| 13 | 1-24 | പി.എച്ച്.സി ചുറ്റുമതിൽ നിർമ്മാണം- കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും അധിക തുക പിൻവലിച്ചു |
| 14 | 1-25 | തെരുവ് വിളക്കുകളുടെ കണക്ക് സൂക്ഷിക്കുന്നില്ല - സ്ട്രീറ്റ് ലൈറ്റിംഗ് ചാർജിനത്തിൽ പഞ്ചായത്തിന്റെ ചെലവിന് സുതാര്യതയില്ല |
| 15 | 1-26 | പഞ്ചായത്തിന്റെ പ്രിന്റിംഗ് ജോലികൾ -ക്വട്ടേഷനുകൾ മത്സരക്ഷമമല്ല-പ്രിന്റിംഗ് ജോലികൾക്ക് ഉയർന്ന ചെലവ് |
| 16 | 1-27 | ഉപയോഗിക്കാത്ത ബ്രോഡ് ബാൻഡ് കണക്ഷന് പഞ്ചായത്ത് തുക ചെലവഴിക്കുന്നു |
| 17 | 1-28 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ |
| 18 | 1-29 | കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്റ്റുകളിലെ അപാകതകൾ |
| 19 | 1-30 | പ്രളയുവുമായി ബന്ധപ്പെട്ട അത്യാവശ്യങ്ങൾക്കായി പഞ്ചായത്ത് ആർജ്ജിച്ച ജംഗമ ആസ്തികളുടെ-തുടർന്നുള്ള ഉപയോഗം ഉറപ്പ് വരുത്തേണ്ടതാണ് |
| 20 | 1-31 | വി.ഇ.ഒ. നടപ്പാക്കിയ പ്രോജക്ടുകൾ |
| 21 | 1-32 | ഒഴിവുകളില്ലാത്തപ്പോഴും ക്ലർക്ക്, ഡേറ്റാ എൻട്രി തസ്തികകളിൽ താൽക്കാലിക നിയമനം . |
| 22 | 1-33 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ടുകളിൽ വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച |
| 23 | 1-34 | മരാമത്ത് പണികൾ പൊതു അപാകതകൾ |
| ഭാഗം – 2 | | |
| 24 | 2-1 | ആകെ തറവിസ്തൃതിക്കനുസൃതമായി വസ്തു നികുതി ചുമത്തിയില്ല |
| 25 | 2-2 | ലോഡ്ജിംഗ് ആവശ്യങ്ങൾക്കായി നിർമ്മിച്ച കെട്ടിടത്തിനെ പാർപ്പിട ആവശ്യങ്ങൾക്കായി നികുതി ചുമത്തി |
| ഭാഗം – 3 | | |
| 26 | 3-1 | റീടെൻഷൻ തുക അനുവദിച്ചതിൽ ഇരട്ടിപ്പ് |
| ഭാഗം – 4 | | |
| 27 | 4-1 മുതൽ 4-11 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 28 | അനുബന്ധം.1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 29 | അനുബന്ധം.2 | |

**ഭാഗം -1**

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

07-03-2018 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം 2018-19 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

| മുന്നിരിപ്പ് | ആകെവരവ് | ആകെചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 14965578 | 118929723 | 112889223 | 21006078 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 09.05.2019 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6699278.68 |
| വരവ് | 60934027.00 |
| ആകെ | 67633305.68 |
| ചെലവ് | 57114165.00 |
| നീക്കിയിരിപ്പ് | 10519140.68 |

### 1-4 ഫണ്ട് വിനിയോഗം(എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | | 11033000 | 11033000 | 10744259 | 288741 |
| എസ്.സി. പി | | 7161000 | 7161000 | 7160604 | 396 |
| സി.എഫ്. സി | | 6821993 | 6821993 | 5116714 | 1705279 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | | 5578000 | 5578000 | 4743496 | 834504 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | | 2780000 | 2780000 | 2779335 | 665 |
| ബി.ഫണ്ട് | | 70920 | 70920 | 70920 | - |

#### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 131 | 73978114 | 86 | 43536489 | 13 | 32 | 65.65 |

## 1-7 തൊഴിലുറപ്പ് പദ്ധതി (ക്യാഷ് ബുക്ക് പ്രകാരം)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 572237.00 | 286088.00 | 858325.00 | 839382.5 | 18942.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 26217029 | 26217029 | 26217029 | 0 |
| ആകെ | 572237.00 | 26503117 | 27075354 | 27056411.5 | 18942.5 |

എൻ.ആർ.ഇ.ജി.എസ് ബാങ്ക് ബുക്കിലെ തെറ്റായ എൻട്രികൾ കാരണം മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കിൽ തെറ്റായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഖണ്ഡിക പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് ഇവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 70920 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 6111300 | 452 |
| വിധവാപെൻഷൻ | 7331200 | 590 |
| വാർദ്ധക്യകാലപെൻഷൻ | 15484100 | 1321 |
| വികലാംഗപെൻഷൻ | 3029700 | 201 |
| അവിവാഹിത പെൻഷൻ | 158400 | 5 |

## 1-9. ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2020 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 2.45 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ **23808/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.**

## 1-10. ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് ഓർഡർ തയ്യാറാക്കി ജീവനക്കാർക്ക് ജോലി വിഭജനം നടത്തി നൽകിയിട്ടുണ്ട്. ഇതുപ്രകാരം ജീവനക്കാർ എല്ലാ മാസവും പേഴ്സണൽ രജിസ്റ്റർ തയ്യാറാക്കണമെന്നും ഹെഡ് ക്ലാർക്ക് ഇവ പരിശോധിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ഇപ്രകാരം ഒരു മേൽപരിശോധന നടന്നതായി കാണുന്നില്ല. ഓരോ സെക്ഷനും ലഭിക്കുന്ന അപേക്ഷകൾ സേവനാവകാശ നിയമ പ്രകാരമുള്ള കാലയളവിനുള്ളിൽ ഡിസ്പോസ് ചെയ്യുന്നുണ്ടോ എന്നത് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല. ക്ഷേമപെൻഷനുകൾക്കായുള്ള രജിസ്റ്റർ പ്രകാരം അപേക്ഷകളുടെ തീർപ്പ് സംബന്ധിച്ച വിവരം ലഭ്യമല്ല. പെൻഷൻ അപേക്ഷകളുടെ തീർപ്പിൽ ഇന്റേണൽ ഓഡിറ്റ് വിഭാഗം ഇടപെട്ടതായി കാണുന്നില്ല.
2. പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കാലികമായി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഇവയുടെ തുടർ പരിശോധന നടത്തുന്നില്ല. പുറംപോക്ക് ഭൂമി സംബന്ധിച്ച വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിലെ പുറമ്പോക്ക് സംബന്ധിച്ച ഭാഗങ്ങൾ അപൂർണ്ണമാണ്. മുൻവർഷങ്ങളിൽ പഞ്ചായത്ത് ആർജ്ജിച്ച വസ്തുക്കളുടെ ഉടമസ്ഥാവകാശ രേഖകൾ അപൂർണ്ണമാണ്. വസ്തുക്കൾ പഞ്ചായത്തിന്റെ പേരിലാക്കി കരം ഒടുക്കുന്നില്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
4. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

## 1-11. മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-12-2019 | 11/2019 | 15-01-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-08-2016 – 02-09-2016 | 2011-2012 - 2015-2016 | 03-10-2016 |

## 1-12. വാർഷികകണക്കിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി-പി.12/548/19/01.07.2019-ാം നമ്പർ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിരുന്ന വാർഷികകണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല. കൂടാതെ ഓഡിറ്റ് വേളയിൽ കണ്ടെത്തിയ താഴെപറയുന്ന അപാകതകൾ കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

1. അസാധരണചെലവുകൾ അതിനായുള്ള ഹെഡിൽ ഉൾപ്പെടുത്താതെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകളിലാണ് ബുക്ക് ചെയ്തിട്ടുള്ളത്.
2. തനതുഫണ്ടിന്റെ ബാങ്ക്അക്കൌണ്ടിൽ വർഷങ്ങളായുള്ള ക്യാഷ്ചെയ്യാത്തചെക്കുകൾ നിലനിൽക്കുന്നത് സ്റ്റെയിൽചെക്കുകളായി പരിഗണിച്ചിട്ടില്ല.
3. എൻ.ആർ.ഇ.ജി.എസ് ബാങ്ക് ബുക്കിലെ തെറ്റായ എൻട്രികൾ കാരണം ബാലൻസ് തുക യഥാർത്ഥ തുകയല്ല. ഇത് ശരിയായ രീതിൽ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.
4. ഗുണഭോക്തൃവിഹിതം ഇനത്തിൽ ബാലൻസ് ഷീറ്റിൽ നിലനിൽക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കുന്നതിന് രേഖകളില്ല.

## 1-13 സഞ്ചയയിൽ ഡേറ്റാ എൻട്രി ചെയ്ത നിരവധി കെട്ടിടങ്ങൾ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല

സഞ്ചയ ഡേറ്റാ ബേസിലെ നികുതി പരിഷ്കരണം സംബന്ധിക്കുന്ന വിവരങ്ങളിൽ വിവിധ ലോഗിനുകളിലായി കെട്ടിടവിവരങ്ങൾ അംഗീകരിക്കാനുള്ളതായി കാണുന്നു.

**Base data : building count in different login**

| Operator | Verifier | Approver | Approved | Total |
|---|---|---|---|---|
| 384 | 447 | 82 | 5783 | 6696 |

ഈ കണക്കുകൾ പ്രകാരം 913 കെട്ടിടങ്ങളുടെ വിവരങ്ങൾ വിവിധ പ്രിവിലേജുകളുള്ള ലോഗിനുകളിലായി അവശേഷിക്കുന്നു. ടി കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല/ഇരട്ടിപ്പ് വന്ന ബേസ് ഡേറ്റായാണ്/കെട്ടിടങ്ങൾ നിലവിലില്ല എന്നീ കാരണങ്ങളാലാകം ബേസ് ഡേറ്റ അപ്രകാരം തുടരുന്നതിന് കാരണം. ആയതിനാൽ ഏതു സ്റ്റേജിലാണ് പെന്റിംഗ് വന്നിട്ടുള്ളത് എന്ന് വിവരം പരിശോധിച്ച് മുഴുവൻ കെട്ടിടങ്ങളുടേയും വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-14 റോഡ് സൗകര്യത്തിനുള്ള നികുതി വർദ്ധനവ് വരുത്താതെ നികുതി ചുമത്തി

**(1) കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള റോഡ് സൗകര്യത്തിനനുസൃതമായി നികുതി വർദ്ധനവ് വരുത്തിയില്ല.**

കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക-2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്.

ചുവടെ ചേർക്കുന്ന നികുതിനിർണ്ണയ നമ്പരിലുള്ള കെട്ടിടങ്ങളുടെ നികുതിനിർണ്ണയങ്ങളുടെ ഫയലിലെ കംപ്ലീഷൻ പ്ലാൻ പ്രകാരം ടി കെട്ടിടങ്ങൾക്ക് അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ടായിരുന്നിട്ടും ടി കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവിൽ നിന്നും ഒഴിവാക്കപ്പെട്ടു. കെട്ടിട ഉടമകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 10-518,519 | മാത്യ ഫിലിപ്പ്, ഷാരോൺ ഷെൽറ്റർ |
| 6-469,470 | ജെറി തോമസ്സ്, കൊക്കപ്പറമ്പിൽ |
| 1-490 | സുനിൽ കുമാർ.പി.ജി,പുതുവന |
| 1-489 | വി.കെ.ജോർജ്, കാട്ടൂർ റെജി നിലയം |

(ചില കെട്ടിടങ്ങൾ സാംഖ്യ ഡേറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ല)

കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള റോഡ് സൗകര്യം കണക്കാക്കി നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

(2) ഒരു കോംപ്ലക്സിലെ രണ്ട് കെട്ടിടങ്ങൾക്ക് രണ്ട് തരം റോഡ്

സരസമണിയമ്മ, ശ്രീ ഗണേഷ് ബിൽഡിംഗ് എന്നയാളുടെ 9/576 എന്നകെട്ടിടം സ്ഥിതി ചെയ്യുന്നത് മാവേലിക്കര -ചെങ്ങന്നൂർ റോഡിലാണ്. എന്നാൽ ഇതിന് 5m ന് മുകളിലുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടത്തിന് ബാധകമായ 20 ശതമാനം വർദ്ധനവ് വരുത്തിയില്ല. ഈ കെട്ടിട ഉടമയുടെ തന്നെ 9/577-9/580 വരെയുള്ള കെട്ടിടങ്ങൾക്ക് 20 ശതമാനം വർദ്ധനവ് വരുത്തിയിട്ടുമുണ്ട്. ഇത് വസ്തുനികുതിയിൽ തന്നെ 313/- രൂപയുടെ കുറവുണ്ടാക്കിയിട്ടുണ്ട്. 9/576 എന്ന കെട്ടിടത്തിന്റെ വസ്തുനികുതിയിൽ 5 m ൽ കൂടുതൽ വിസ്തൃതിയുള്ള റോഡുകൾക്ക് ബാധകമാക്കേണ്ട 20% വർദ്ധനവ് വരുത്താതിരുന്നത് വസ്തുനികുതിയിൽ തന്നെ 313/- രൂപയുടെ കുറവുണ്ടാക്കിയിട്ടുണ്ട്. 9/576 ന്റെ വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

3) സഞ്ചയ പ്രകാരം സംസ്ഥാന പാതകൾ ഫ്രണ്ടേജോട്ട് കൂടിയ റോഡുകൾക്കുപോലും വസ്തുനികുതി വർദ്ധനവ് ബാധകമാക്കുന്നില്ല.

എ)സഞ്ചയ വിവരങ്ങൾ പ്രകാരം 13/484-487 വരെയുള്ള കെട്ടിടങ്ങൾ ചെങ്ങന്നൂർ-മാവേലിക്കര റോഡിലാണ്. എന്നാൽ റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്ന നിലയിൽ രേഖപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവ് വരുത്തിയില്ല.

ബി) സഞ്ചയ വിവരങ്ങൾ പ്രകാരം 13/427, 428, 429 വരെയുള്ള കെട്ടിടങ്ങൾ ചെങ്ങന്നൂർ-മാന്നാർ റോഡിലാണ്. എന്നാൽ റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്ന നിലയിൽ രേഖപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവ് വരുത്തിയില്ല.

സി) സഞ്ചയ വിവരങ്ങൾ പ്രകാരം 13/538, 539 വരെയുള്ള കെട്ടിടങ്ങൾ തോന്നക്കാട്-ചെറിയനാട് റോഡിലാണ്. എന്നാൽ റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്ന നിലയിൽ രേഖപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവ് വരുത്തിയില്ല.

ഡി) സഞ്ചയ വിവരങ്ങൾ പ്രകാരം 7/483-487 വരെയുള്ള കെട്ടിടങ്ങൾ ചെങ്ങന്നൂർ-മാവേലിക്കര റോഡിലാണ്. എന്നാൽ റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്ന നിലയിൽ രേഖപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവ് വരുത്തിയില്ല.

സഞ്ചയയിലേക്ക് രേഖപ്പെടുത്തൽ പൂർണ്ണമാക്കാത്ത കെട്ടിടങ്ങളുടെ കൂടുതൽ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായില്ല. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിൽ അറിയിക്കേണ്ടതാണ്.

## 1-15 ആകെ തറവിസ്തൃതിക്കനുസൃതമായി വസ്തു നികുതി ചുമത്തിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ തസ്വഭവ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 60/-രൂപയും ആയിനികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം, ആകെ വിസ്തതി | ഉടമയുടെ പേര് കെട്ടിടത്തിന്റെ നമ്പർ-തറവിസ്തതി-ഉപയോഗക്രമം | ചുമത്തിയ വസ്തുനികുതി ലൈ.സെസ് | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി ലൈ.സെസ് | വ്യത്യാസം |
|---|---|---|---|---|
| 1<br>**206.94ച.മീ** | വിജയകുമാരൻ നായർ<br>താഴെ ചെറുകര ,പുലിയൂർ<br>13/448-24.3 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1236.5<br>ഇളവ് -റോഡ്<1.5 മീ-10%-123.65<br>വസ്തുനികുതി-1113<br>ലൈ.സെസ്-56 | @60<br>അടിസ്ഥാന വസ്തുനികുതി-1458<br>ഇളവ് -റോഡ്<1.5 മീ-10%-145.8<br>വസ്തുനികുതി-1313<br>ലൈ.സെസ്-66 | വസ്തുനികുതി-200<br>ലൈ.സെസ്-10 |
| | വിജയകുമാരൻ നായർ<br>താഴെ ചെറുകര ,പുലിയൂർ<br>13/449-24.3 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1236.5<br>ഇളവ് -റോഡ്<1.5 മീ-10%-123.65<br>വസ്തുനികുതി-1113<br>ലൈ.സെസ്-56 | @60<br>അടിസ്ഥാന വസ്തുനികുതി-1458<br>ഇളവ് -റോഡ്<1.5 മീ-10%-145.8<br>വസ്തുനികുതി-1313<br>ലൈ.സെസ്-66 | വസ്തുനികുതി-200<br>ലൈ.സെസ്-10 |
| | വിജയകുമാരൻ നായർ<br>താഴെ ചെറുകര ,പുലിയൂർ<br>13/450-24.3 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1236.5<br>ഇളവ് -റോഡ്<1.5 മീ-10%-123.65<br>വസ്തുനികുതി-1113<br>ലൈ.സെസ്-56 | @60<br>അടിസ്ഥാന വസ്തുനികുതി-1458<br>ഇളവ് -റോഡ്<1.5 മീ-10%-145.8<br>വസ്തുനികുതി-1313<br>ലൈ.സെസ്-66 | വസ്തുനികുതി-200<br>ലൈ.സെസ്-10 |
| | വിജയകുമാരൻ നായർ<br>താഴെ ചെറുകര ,പുലിയൂർ<br>13/451-24.3 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1236.5<br>ഇളവ് -റോഡ്<1.5 മീ-10%-123.65<br>വസ്തുനികുതി-1113<br>ലൈ.സെസ്-56 | @60<br>അടിസ്ഥാന വസ്തുനികുതി-1458<br>ഇളവ് -റോഡ്<1.5 മീ-10%-145.8<br>വസ്തുനികുതി-1313<br>ലൈ.സെസ്-66 | വസ്തുനികുതി-200<br>ലൈ.സെസ്-10 |
| | വിജയകുമാരൻ നായർ<br>താഴെ ചെറുകര ,പുലിയൂർ<br>13/452-36.58 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1829<br>ഇളവ് -റോഡ്<1.5 മീ-10%-182.9<br>വസ്തുനികുതി-1647 | @60<br>അടിസ്ഥാന വസ്തുനികുതി-2194.8<br>ഇളവ് -റോഡ്<1.5 മീ-10%-219.48 | വസ്തുനികുതി-329<br>ലൈ.സെസ്-16 |

| | | | | |
|---|---|---|---|---|
| | | ലൈ.സെസ്-83 | വസ്തുനികുതി-1976<br>ലൈ.സെസ്-99 | |
| | വിജയകുമാരൻ നായർ<br>താഴെ ചെറുകര ,പുലിയൂർ<br>13/453-36.58 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1829<br>ഇളവ് -റോഡ്<1.5 മീ-10%-182.9<br>വസ്തുനികുതി-1647<br>ലൈ.സെസ്-83 | @60<br>അടിസ്ഥാന വസ്തുനികുതി-2194.8<br>ഇളവ് -റോഡ്<1.5 മീ-10%-219.48<br>വസ്തുനികുതി-1976<br>ലൈ.സെസ്-99 | വസ്തുനികുതി-329<br>ലൈ.സെസ്-16 |
| | വിജയകുമാരൻ നായർ<br>താഴെ ചെറുകര ,പുലിയൂർ<br>13/454-36.58 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1829<br>ഇളവ് -റോഡ്<1.5 മീ-10%-182.9<br>വസ്തുനികുതി-1647<br>ലൈ.സെസ്-83 | @60<br>അടിസ്ഥാന വസ്തുനികുതി-2194.8<br>ഇളവ് -റോഡ്<1.5 മീ-10%-219.48<br>വസ്തുനികുതി-1976<br>ലൈ.സെസ്-99 | വസ്തുനികുതി-329<br>ലൈ.സെസ്-16 |
| | സരസമണിയമ്മ, ശ്രീ ഗണേഷ് ബിൽഡിംഗ്, പുലിയൂർ<br>9/576-31.22 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1561<br>വസ്തുനികുതി-1561<br>ലൈ.സെസ്-79 | @60<br>അടിസ്ഥാന വസ്തുനികുതി-1874<br>വസ്തുനികുതി-1874<br>ലൈ.സെസ്-94 | വസ്തുനികുതി-313<br>ലൈ.സെസ്-15 |
| 2<br>**142.59 ച.മീ** | സരസമണിയമ്മ, ശ്രീ ഗണേഷ് ബിൽഡിംഗ്, പുലിയൂർ<br>9/577-31.22 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1561<br>വർദ്ധനവ്-റോഡ്-312.2 (20%)<br>വസ്തുനികുതി-1874<br>ലൈ.സെസ്-94 | @60<br>അടിസ്ഥാന വസ്തുനികുതി-1874<br>വർദ്ധനവ്-റോഡ്-375<br>വസ്തുനികുതി-2249<br>ലൈ.സെസ്-112 | വസ്തുനികുതി-375<br>ലൈ.സെസ്-18 |
| | സരസമണിയമ്മ, ശ്രീ ഗണേഷ് ബിൽഡിംഗ്, പുലിയൂർ<br>9/578-21.87 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1093.5<br>വർദ്ധനവ്-റോഡ്-218.7<br>വസ്തുനികുതി-1313<br>ലൈ.സെസ്-66 | @60<br>അടിസ്ഥാന വസ്തുനികുതി-1312.2<br>വർദ്ധനവ്-റോഡ്-262.44<br>വസ്തുനികുതി-1575<br>ലൈ.സെസ്-79 | വസ്തുനികുതി-262<br>ലൈ.സെസ്-13 |
| | സരസമണിയമ്മ, ശ്രീ ഗണേഷ് ബിൽഡിംഗ്, പുലിയൂർ | @50<br>അടിസ്ഥാന വസ്തുനികുതി-844 | @60<br>അടിസ്ഥാന വസ്തുനികുതി-1013 | വസ്തുനികുതി-203<br>ലൈ.സെസ്-10 |

| | | | | |
|---|---|---|---|---|
| | 9/579-16.88 ച.മീ | വർദ്ധനവ്-<br>റോഡ്-168.8<br>വസ്തുനികുതി-1013<br>ലൈ.സെസ്-51 | വർദ്ധനവ്-<br>റോഡ്-202.6<br>വസ്തുനികുതി-1216<br>ലൈ.സെസ്-61 | |
| | സരസമണിയമ്മ, ശ്രീ ഗണേഷ് ബിൽഡിംഗ്, പുലിയൂർ<br>9/580-41.4ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-2070<br>വർദ്ധനവ്-<br>റോഡ്-414<br>വസ്തുനികുതി-2484<br>ലൈ.സെസ്-125 | @60<br>അടിസ്ഥാന വസ്തുനികുതി-2484<br>വർദ്ധനവ്-<br>റോഡ്-496.8<br>വസ്തുനികുതി-2981<br>ലൈ.സെസ്-150 | വസ്തുനികുതി-497<br>ലൈ.സെസ്-25 |
| 3<br>ച.മീ<br>100.92 | എൻ.കെ ചെല്ലപ്പപണിക്കർ<br>നമ്പിയമല നന്ദനം-9/553-22.65ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1113.25<br>വർദ്ധനവ്-<br>റോഡ്-222.65<br>വസ്തുനികുതി-1336<br>ലൈ.സെസ്-67 | @60<br>അടിസ്ഥാന വസ്തുനികുതി-1359<br>വർദ്ധനവ്-<br>റോഡ്-272<br>വസ്തുനികുതി-1631<br>ലൈ.സെസ്-82 | വസ്തുനികുതി-295<br>ലൈ.സെസ്-15 |
| | എൻ.കെ ചെല്ലപ്പപണിക്കർ<br>നമ്പിയമല നന്ദനം-9/554-13.11ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-655.5<br>വർദ്ധനവ്-<br>റോഡ്-131.1<br>വസ്തുനികുതി-787<br>ലൈ.സെസ്-40 | @60<br>അടിസ്ഥാന വസ്തുനികുതി-786.6<br>വർദ്ധനവ്-<br>റോഡ്-157.32<br>വസ്തുനികുതി--944<br>ലൈ.സെസ്-48 | വസ്തുനികുതി-157<br>ലൈ.സെസ്-8 |
| | എൻ.കെ ചെല്ലപ്പപണിക്കർ<br>നമ്പിയമല നന്ദനം-9/555-13.11ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-655.5<br>വർദ്ധനവ്-<br>റോഡ്-131.1<br>വസ്തുനികുതി-787<br>ലൈ.സെസ്-40 | @60<br>അടിസ്ഥാന വസ്തുനികുതി-786.6<br>വർദ്ധനവ്-<br>റോഡ്-157.32<br>വസ്തുനികുതി--944<br>ലൈ.സെസ്-48 | വസ്തുനികുതി-157<br>ലൈ.സെസ്-8 |
| | എൻ.കെ ചെല്ലപ്പപണിക്കർ<br>നമ്പിയമല നന്ദനം-9/557-13.013ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-650.65<br>വർദ്ധനവ്-<br>റോഡ്-130.13<br>വസ്തുനികുതി-781<br>ലൈ.സെസ്-40 | @60<br>അടിസ്ഥാന വസ്തുനികുതി-780.78<br>വർദ്ധനവ്-<br>റോഡ്-156.15<br>വസ്തുനികുതി-937<br>ലൈ.സെസ്-47 | വസ്തുനികുതി-156<br>ലൈ.സെസ്-7 |

| | | | | |
|---|---|---|---|---|
| | എൻ.കെ ചെല്ലപ്പപണിക്കർ<br>നമ്പിയമല നന്ദനം 9/558-13.013ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-650.65<br>വർദ്ധനവ്-റോഡ്-130.13<br>വസ്തുനികുതി-781<br>ലൈ.സെസ്-40 | @60<br>അടിസ്ഥാന വസ്തുനികുതി-780.78<br>വർദ്ധനവ്-റോഡ്-156.15<br>വസ്തുനികുതി-937<br>ലൈ.സെസ്-47 | വസ്തുനികുതി-156<br>ലൈ.സെസ്-7 |
| | എൻ.കെ ചെല്ലപ്പപണിക്കർ<br>നമ്പിയമല നന്ദനം9/559-13.013ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-650.65<br>വർദ്ധനവ്-റോഡ്-130.13<br>വസ്തുനികുതി-781<br>ലൈ.സെസ്-40 | @60<br>അടിസ്ഥാന വസ്തുനികുതി-780.78<br>വർദ്ധനവ്-റോഡ്-156.15<br>വസ്തുനികുതി-937<br>ലൈ.സെസ്-47 | വസ്തുനികുതി-156<br>ലൈ.സെസ്-7 |
| | എൻ.കെ ചെല്ലപ്പപണിക്കർ<br>നമ്പിയമല നന്ദനം9/560-13.013ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-650.65<br>വർദ്ധനവ്-റോഡ്-130.13<br>വസ്തുനികുതി-781<br>ലൈ.സെസ്-40 | @60<br>അടിസ്ഥാന വസ്തുനികുതി-780.78<br>വർദ്ധനവ്-റോഡ്-156.15<br>വസ്തുനികുതി-937<br>ലൈ.സെസ്-47 | വസ്തുനികുതി-156<br>ലൈ.സെസ്-7 |

(9/556,9/561 എന്നീ കെട്ടിടങ്ങൾ ലോഡ്ജായിട്ടാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്)

ആകെ കുറവ്-

| പേര് | വസ്തുനികുതി | ലൈബ്രറി സെസ് |
|---|---|---|
| വിജയകുമാരൻ നായർ, താഴെ ചെറുകര, പുലിയൂർ | 1787 | 88 |
| സരസമണിയമ്മ, ശ്രീ ഗണേഷ് ബിൽഡിംഗ്, പുലിയൂർ | 1650 | 81 |
| എൻ.കെ ചെല്ലപ്പപണിക്കർ, നമ്പിയമല നന്ദനം | 1233 | 59 |
| ആകെ കുറവ് | 4670 | 228 |

വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിൽ അറിയിക്കേണ്ടതാണ്.

### 1-16 ലോഡ്ജിംഗ് ആവശ്യങ്ങൾക്കായി നിർമ്മിച്ച കെട്ടിടത്തിനെ പാർപ്പിട ആവശ്യങ്ങൾക്കായി നികുതി ചുമത്തി

ശ്രീ.ഗംഗാധരൻ, ശ്രീഗംഗ, ഇലഞ്ഞിമേൽ എന്നയാളുടെ പേരിൽ നികുതി നിർണ്ണയിച്ചിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ അവയുടെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിവരങ്ങൾ അനുസരിച്ച് *ലോഡ്ജിംഗ്* ആവശ്യത്തിനായി നിർമ്മിച്ചിട്ടുള്ളതാണ്. 161.9 ച.മീറ്ററുള്ള ടി കെട്ടിടം A2 വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫോറം-6 പ്രകാരം പാർപ്പിടാവശ്യത്തിനുള്ള വസ്തുനികുതി മാത്രമാണ് ചുമത്തിയിരിക്കുന്നത്. ലോഡ്ജിംഗ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതിനിരക്ക് 30 രൂപയും പാർപ്പിടാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി നിരക്ക് 6 രൂപയുമാണ്. *2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5(1) കുറിപ്പ്-1 പ്രകാരം ലോഡ്ജുകളെ പാർപ്പിടാവശ്യകെട്ടിടങ്ങളായി പരിഗണിച്ച് നികുതി നിർണ്ണയിക്കാനാവില്ല. കൂടാതെ 1975 ലെ കേരള ബിൽഡിംഗ് ടാക്സ് നിയമപ്രകാരം ചെങ്ങന്നൂർ തഹസിൽദാർ ടി കെട്ടിടത്തെ വാണിജ്യാവശ്യകെട്ടിടമെന്ന നിലക്കാണ് കെട്ടിട*

*നികുതി ചുമത്തിയിട്ടുള്ളത്.* വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(കുറഞ്ഞതരം മേൽക്കൂര, 1.5 മീറ്ററിൽ കുറഞ്ഞ വഴി സൌകര്യം, ദ്വിതീയമേഖല എന്നിങ്ങനെ ഇളവുകൾ നൽകിയതായി കാണുന്നു. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം വഴി സൌകര്യം 1.5 മീറ്ററിനും 5 മീറ്ററിനും ഇടയിലാണ് ആയതിനാൽ ഇളവ് ബാധകമല്ല)

| കെട്ടിട നം. | ചുമത്തിയ വസ്തുനികുതി | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി | കുറവ്\ |
|---|---|---|---|
| 12/513-11.32 $m^2$ | അടിസ്ഥാന വസ്തുനികുതി – 67.92 ഇളവ് 30%-20.376<br>P.T-48<br>L.C-3 | വസ്തുനികുതി – 339.6 ഇളവ്-20%-67.92 (കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-272<br>L.C-14 | P.T-224<br>L.C-11 |
| 12/514-11.32 $m^2$ | അടിസ്ഥാന വസ്തുനികുതി – 67.92 ഇളവ് 30%-20.376<br>P.T-48<br>L.C-3 | അടിസ്ഥാന വസ്തുനികുതി – 339.6 ഇളവ്-20%-67.92 (കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-272<br>L.C-14 | P.T-224<br>L.C-11 |
| 12/515-11.32 $m^2$ | അടിസ്ഥാന വസ്തുനികുതി – 67.92 ഇളവ് 30%-20.376<br>P.T-48<br>L.C-3 | അടിസ്ഥാന വസ്തുനികുതി – 339.6 ഇളവ്-20%-67.92 (കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-272<br>L.C-14 | P.T-224<br>L.C-11 |
| 12/516-11.32 $m^2$ | അടിസ്ഥാന വസ്തുനികുതി – 67.92 ഇളവ് 30%-20.376<br>P.T-48<br>L.C-3 | അടിസ്ഥാന വസ്തുനികുതി – 339.6 ഇളവ്-20%-67.92 (കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-272<br>L.C-14 | P.T-224<br>L.C-11 |
| 12/517-11.32$m^2$ | അടിസ്ഥാന വസ്തുനികുതി – 68.58ഇളവ് | അടിസ്ഥാന വസ്തുനികുതി – 342.9 ഇളവ്-20%-67.92 | P.T-224<br>L.C-11 |

| | | | |
|---|---|---|---|
| | 30%-20.376<br>P.T-48<br>L.C-3 | (കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-272<br>L.C-14 | |
| 12/518-11.43 $m^2$ | അടിസ്ഥാന വസ്തുനികുതി – 68.58ഇളവ് ഇളവ് 30%-20.57<br>P.T-49<br>L.C-3 | അടിസ്ഥാന വസ്തുനികുതി – 342.9 ഇളവ്-20%-68.58 (കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-275<br>L.C-14 | P.T-226<br>L.C-11 |
| 12/519-11.43 $m^2$ | അടിസ്ഥാന വസ്തുനികുതി – 68.58ഇളവ് ഇളവ് 30%-20.57<br>P.T-49<br>L.C-3 | അടിസ്ഥാന വസ്തുനികുതി – 342.9 ഇളവ്-20%-68.58 (കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-275<br>L.C-14 | P.T-226<br>L.C-11 |
| 12/520-11.43 $m^2$ | അടിസ്ഥാന വസ്തുനികുതി – 68.58ഇളവ് ഇളവ് 30%-20.57<br>P.T-49<br>L.C-3 | അടിസ്ഥാന വസ്തുനികുതി – 342.9 ഇളവ്-20%-68.58 (കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-275<br>L.C-14 | P.T-226<br>L.C-11 |
| 12/521-11.43 $m^2$ | അടിസ്ഥാന വസ്തുനികുതി – 68.58ഇളവ് ഇളവ് 30%-20.57<br>P.T-49<br>L.C-3 | അടിസ്ഥാന വസ്തുനികുതി – 342.9 ഇളവ്-20%-68.58 (കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-275<br>L.C-14 | P.T-226<br>L.C-11 |
| 12/522-11.43 $m^2$ | അടിസ്ഥാന വസ്തുനികുതി – 68.58ഇളവ് | അടിസ്ഥാന വസ്തുനികുതി – 342.9 ഇളവ്-20%-68.58 | P.T-226<br>L.C-11 |

| | | | |
|---|---|---|---|
| | ഇളവ് 30%-20.57<br>P.T-49<br>L.C-3 | (കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-275<br>L.C-14 | |
| ആകെ കുറവ് | | | വസ്തുനികുതി 2250/-രൂപ<br>ലൈബ്രറി സെസ് 110/- രൂപ |

വിശദീകരണത്തിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-19 നുള്ള മറുപടിയിൽ കെട്ടിടം A2 കൈവശഗണത്തിൽപെട്ട കെട്ടിടമാണെന്നും എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിലാണ് ഉപയോഗക്രമം പാർപ്പിടമാണെന്നതിനാലാണിപ്രകാരം *റെസിഡൻഷ്യൽ ഫ്ലാറ്റ്* എന്ന നിലയിൽ നികുതി നിർണ്ണയിച്ചതെന്നും വിശദീകരിച്ചു. എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ഇത് റസിഡൻഷ്യൽ ഫ്ലാറ്റ് അല്ല. ആയതിനാൽ ടി കെട്ടിടത്തെ മുകളിൽ പറയും പ്രകാരം നികുതി നിർണ്ണയിച്ച് 2018 രണ്ടാം അർദ്ധവർഷം മുതലുള്ള കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-17 ലൈസൻസ് നൽകിയ കെട്ടിടത്തിന്റെ ഉപയോഗക്രമം സംബന്ധിച്ച് അവ്യക്തത-റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്

വ്യവസായ സ്ഥാപനം നടത്തുന്നതിന് ലൈസൻസ് നേടിയ പി.എം.ടെക്ക്, തോന്നക്കാട്, ചെങ്ങന്നൂർ എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ (നം. 10/91) നികുതി നിർണ്ണയ വിവരങ്ങൾ (ഫോറം-6) പ്രകാരം ടി കെട്ടിടം കൈത്തറി, കയറുപിരി ഷെഡ് എന്ന നിലയ്ക്കാണ് (15രൂപ/ച.മീ) നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഉപയോഗക്രമപ്രകാരം *ഇഷ്ടിക ചൂള* എന്ന ഫോറം-6ൽ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ 160 ച.മീറ്റർ വിസ്തൃതിയുള്ള ടി കെട്ടിടത്തിൽ എൽ.ഇ.ഡി അസംബ്ലിങ്ങ് യൂണിറ്റ് പ്രവർത്തിക്കുന്നതിനാണ് പഞ്ചായത്ത് ലൈസൻസ് നൽകിയിരിക്കുന്നത്. ജില്ലാവ്യവസായ കേന്ദ്രത്തിന്റെ രേഖകൾ പ്രകാരം ഇവിടെ ഹോളോബ്രിക്സ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥലത്ത് ഒന്നിലധികം കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ഉള്ളപക്ഷം അവകളെല്ലാം നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോയെന്നും വിവരങ്ങളും അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-18 ലൈസൻസ് എടുക്കാതെ ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നു

കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ മദ്യശാല പഞ്ചായത്തിൽ നിന്നും ലൈസൻസ് നേടിയല്ല പ്രവർത്തിക്കുന്നത്. കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്കനുബന്ധമായുള്ള പട്ടിക 1 ക്രമ നം-139 പ്രകാരം അബ്കാരി ഷോപ്പുകൾക്ക് പഞ്ചായത്തിൽ നിന്നുള്ള പ്രവർത്തനാനുമതി ആവശ്യമാണ്. എന്നാൽ ഈ സ്ഥാപനം ഇപ്രകാരമുള്ള ഒരനുമതി കൂടാതെയാണ് പ്രവർത്തിച്ചുവരുന്നത്. ഈ സ്ഥാപനം നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ തുടർനടപടികൾ പഞ്ചായത്ത് അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചയത്ത് രാജ് നിയമം വകുപ്പ് 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല. നിരവധി സ്ഥാപനങ്ങളിൽ നിന്നും ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ (റേഷൻ ഷോപ്പുകൾ)

എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ 2011 ലെ ആലപ്പുഴ ജില്ലാ തല സ്ഥിതി വിവര കണക്കുകൾ പ്രകാരം 11 റേഷൻ ഷോപ്പുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല. റേഷൻ ഷോപ്പുകൾ പഞ്ചായത്തിന്റെ പ്രവർത്തനാനുമതിയോടുകൂടി പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളാണെങ്കിലും പഞ്ചായത്തിന്റെ അനുമതി കൂടാതെയാണ് നിലവിൽ ഇവയുടെ പ്രവർത്തനം. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (ARD നം.,ലൈസൻസിയുടെ പേര്) എന്നിവ പഞ്ചായത്തിന്റെ പക്കലില്ല. ആയത് തൊഴിൽ നികുതിയിനത്തിൽ ലഭ്യമാകേണ്ട 27500/- രൂപ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാക്കി. (പരമാവധി തൊഴിൽ നികുതി കണക്കാക്കുമ്പോൾ, 11 X 2,500 = 27,500 രൂപയുടെ വരവ് നഷ്ടമുണ്ടായിട്ടുണ്ട്). ചെങ്ങന്നൂർ താലൂക്ക് സപ്ലൈ ഓഫീസറുടെ ഓഫീസിൽ തൊഴിൽ നികുതി ഡിമാൻഡ് നോട്ടീസ് നൽകി റേഷൻ ലൈസൻസികളെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

2) ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗം ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയില്ല.

പുലിയൂർ ഗ്രാമപഞ്ചായത്ത് പരിധിയിലാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്) യുടെ ബ്ലോക്ക് തല പ്രോഗ്രാം ഓഫീസ്. ടി ഓഫീസിൽ കരാറടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ഒരു അക്രഡിറ്റഡ് എൻജിനീയറും ഡേറ്റാ എൻട്രി ഓപ്പറേറ്ററും ജോലി ചെയ്യുന്നുണ്ട്. എന്നാൽ ടി ജീവനക്കാരിൽ നിന്നും ഗ്രാമപഞ്ചായത്ത് തൊഴിൽനികുതി ഡിമാൻഡ് ചെയ്തീടാക്കുന്നില്ല.

3) പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന ക്ഷീര സംഘങ്ങളെ തൊഴിൽനികുതി ചുമത്തിയില്ല.

| ക്രമ നം. | ക്ഷീര സംഘങ്ങളുടെ പേര് |
|---|---|
| 1 | ഇലഞ്ഞിമേൽ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.A224(D) APCOS |
| 2 | പാലാഴി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.A286(D) APCOS |
| 3 | പുലിയൂർ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.A226(D) APCOS |
| 4 | പേരിശ്ശേരി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.A37(D) APCOS |

4) തൊഴിൽ നികുതി ഡിമാൻഡ് ചെയ്യപ്പെടാത്ത മറ്റ് സ്ഥാപനങ്ങൾ.

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരെയും സ്ഥാപനങ്ങളെയും തൊഴിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, ഇലഞ്ഞിമേൽ |
| 2 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, പുലിയൂർ |
| 3 | ചേരി തെക്കേതിൽ നിധി ലിമിറ്റഡ്, പുലിയൂർ |
| 4 | ലക്ഷ്മി ഫൈനാൻസിയേഴ്സ്, പുലിയൂർ |
| 5 | മാർ ഇവാനിയോസ് ഇന്റർ നാഷണൽ സ്കൂൾ, പുലിയൂർ |
| 6 | മൌണ്ട് കാർമൽ സ്കൂൾ, പുലിയൂർ |
| 7 | അമ്പാടി ആയുർവേദ ഹോസ്പിറ്റൽ (ലൈസൻസ് അപേക്ഷ പ്രകാരം 3 ജീവനക്കാർ) |
| 8 | പല്ലന ഫുഡ് പ്രോഡക്റ്റ്സ്, പേരിശ്ശേരി (ലൈസൻസ് അപേക്ഷ പ്രകാരം 6 ജീവനക്കാർ) |

| | |
|---|---|
| 9 | RK മോട്ടോർസ്, പുലിയൂർ (ലൈസൻസ് അപേക്ഷ പ്രകാരം 6 ജീവനക്കാർ) |

ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതി ബാധകമായ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും ഈടാക്കി വിവരം ഓഡിറ്റ് വിഭാഗത്തിൽ അറിയിക്കേണ്ടതാണ്.

## 1-20 ഇ-ടെന്റർ :ഫീസിനത്തിൽ ലഭിച്ച 26208/- രൂപ തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2018-19 വർഷം ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 26208 രൂപ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ഉടരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് | ബിഡുകളുടെ എണ്ണം | ടെണ്ടർ ഫീസ് | ജി.എസ്.റ്റി | ആകെ |
|---|---|---|---|---|---|
| 1 | കോട്ടത്തറ കോളനി റോഡ് കോൺക്രീറ്റിംഗ്<br>69/18-19 | 5 | 1200 | 150 | 6750 |
| 2 | പേരിശ്ശേരി യു .പി. എസ് നവീകരണം<br>52/18-19 | 4 | 2000 | 300 | 9200 |
| 3 | പി.എച്ച്.സി ചുറ്റുമതിൽ, കവാട നിർമ്മാണം<br>51/18-19 | 3 | 1010 | 120 | 3390 |
| 4 | പേരിശ്ശേരി യു.പി.എസ്സിൽ ടോയിലറ്റ് നിർമ്മാണം | 2 | 1566 | 188 | 3508 |
| 5 | ആയുർവേദ ഡിസ്പെൻസറിയിൽ സ്ത്രീ സൗഹൃദ വിശ്രമ കേന്ദ്രം | 3 | 1000 | 120 | 3360 |

ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ കിട്ടിയിട്ടില്ല. മുൻ വർഷത്തെ ഇ-ടെണ്ടർ പ്രോജക്റ്റുകളുടെ ടെണ്ടർ ഫീസും ഇതേ പോലെ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഈ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മടക്കി ലഭിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കോള്ളേണ്ടതാണ്.

## 1-21 ഗ്രാമപഞ്ചായത്തിൽ നിന്നും കെ.എസ്.ഇ.ബി വാണിജ്യ നിരക്കുകൾ ഈടാക്കുന്നു

പുലിയൂർ ഗ്രാമപഞ്ചായത്ത് ഘടക സ്ഥാപനങ്ങളുടെയും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെയും വൈദ്യുത ബിൽ തനതുഫണ്ടിൽ നിന്നും ചെലവഴിക്കുന്നുണ്ട്. എന്നാൽ താഴെ പറയുന്ന കൺസ്യൂമർ നമ്പരിലുള്ള കെട്ടിടങ്ങളിലെ വൈദ്യുതി ബിൽ അവയുടെ താരിഫ് കോഡ് പ്രകാരം വാണിജ്യ ഉപയോഗത്തിനുള്ളതാണ്.

| കെട്ടിടം | കൺസ്യൂമർ നമ്പർ | താരിഫ് കോഡ് |
|---|---|---|
| കൃഷി ഭവൻ | 1155333016355 | LT -7A |
| ശിശുവിഹാർ | 1155333016488 | LT -7A |

വാണിജ്യ ഉപയോഗത്തിനല്ലാത്ത ടി കെട്ടിടങ്ങളുടെ താരിഫ് നിരക്ക് വാണിജ്യനിരക്കായ LT -7A (commercial) ൽ ചുമത്തുന്നത് വൈദ്യുതി ബിൽ കൂടുന്ന സാഹചര്യമുണ്ടാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിന്റെ വൈദ്യുതി താരിഫ് *LT-6 A* ആണ്. രണ്ട് നിരക്കുകളുടെയും താരതമ്യം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | കൺസ്യൂമർ നം./ ഉപയോഗം | ഉപയോഗിച്ച യൂണിറ്റ് (ബിൽ പ്രകാരം) | വൈദ്യുതി ബിൽ തുക |
|---|---|---|---|
| 21800701/8-2-19 | 1155333016488<br>(LT 7A (commercial)/ശിശുവിഹാർ | 32 | 346 |

| | | | |
|---|---|---|---|
| 21800533/<br>12-12-18 | 1155333016355<br>(LT 7A (commercial)/കൃഷി ഭവൻ | 317 | 3819 |
| 21800531/<br>12-12-18 | 1155333008131 (LT- 6A )<br>/ കമ്മ്യൂണിറ്റി ഹാൾ | 354 | 2825 |

*(തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ചുമത്തേണ്ട താരിഫ് നിരക്ക് LT6 B യാണ്)*

ഉപയോഗം കൂടിയിരുന്നിട്ടും കമ്മ്യൂണിറ്റി ഹാളിന്റെ വൈദ്യുതി ബിൽ തുക കുറവാണ്. ഇത് സംബന്ധിച്ച് സ്ഥാപനത്തിന്റെ വിശദീകരണത്തിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 11 തീയതി. 20-01-2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും വൈദ്യുതി കണക്ഷനുകളുടെ താരിഫ് സംബന്ധിച്ച് പരിശോധന നടത്തി, വിവരം കെ.എസ്.ഇ.ബിയിൽ റിപ്പോർട്ട് ചെയ്യേണ്ടതും താരിഫുകളിൽ മാറ്റം വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-22 സമയബന്ധിതമായി പൂർത്തിയാകാത്ത മരാമത്ത് പ്രവർത്തിക്ക് ഫൈൻ ഈടാക്കിയില്ല

സർക്കുലർ നം.എസി.2/223/2015 തീയതി. 18-8-2018 പ്രകാരം കരാർ ലംഘന നടപടികൾ സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയിരുന്നു. ഇതുപ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവർത്തി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ പൂർത്തീകരണ കാലാവധിയുടെ 25% അല്ലെങ്കിൽ ആറുമാസം ഏതാണോ കുറവ് അത് അനുവദിക്കാവുന്നതാണെന്നും പരമാവധി കാലാവധി ആ പ്രവർത്തിയുടെ അനുവദനീയ കാലാവധിയുടെ പകുതി മാത്രമായിരിക്കും എന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. ആദ്യത്തെ മൂന്നുമാസം വരെ കരാർ തുകയുടെ 1% തുകയും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) പിന്നീട് വേണ്ടിവരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2 % തുകയും പിഴ ഈടാക്കാവുന്നതാണ്. (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000). താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ പിഴ ഈടാക്കിക്കൊണ്ട് കരാർ കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. കരാറുകാരനിൽ നിന്ന് പിഴ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| പദ്ധതിയുടെ പേര്<br>എം.ബുക്ക്.നമ്പർ<br>കരാറുകാരന്റെ പേര്/കരാർ തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | എം. ബുക്കിൽ അവസാന അളവ് രേഖപ്പെടുത്തിയ തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|
| പി.എച്ച്.സി ചുറ്റുമതിൽ നിർമ്മാണവും അനുബന്ധ സൗകര്യം ഒരുക്കലും.<br>പ്രോജക്റ്റ്നം.64/17.<br>ശ്രീ.മാമൻ എബ്രഹാം.<br>എം.ബുക്ക്നം.67/17<br>എഗ്രിമെന്റ് നം. തീയതി. 12/AE/3-3-2017<br>കരാർതുക -381929 | 6 മാസം<br>3-9-17 | 28-2-18 | 3-9-17 മുതൽ 2-12-17 വരെ 381929x1/100= 3819.00<br>3-12-17 മുതൽ 28-2-18 വരെ 381929x2/100x88=7469 |

ആകെ 11288/- രൂപ ഫൈൻ ഇനത്തിൽ ഈടാക്കേണ്ടതാണ്.

## 1-23 നൂറ്റവൻപാറ കുടിവെള്ള ടാങ്ക് മെയിന്റനൻസ് വിനിയോഗ & പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായില്ല

അസിസ്റ്റന്റ് സെക്രട്ടറി, പുലിയൂർ ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ നൂറ്റവൻപാറ കുടിവെള്ള ടാങ്ക് മെയിന്റനൻസ് (പ്രോജക്റ്റ് നമ്പർ S0097/18)പദ്ധതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ (പി.എച്ച്.ഡിവിഷൻ,

ആലപ്പുഴ) 28/11/18ലെ എസ്റ്റിമേറ്റ് പ്രകാരം 2,35,060/- രൂപ ഓൺലൈനായി കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു. എന്നാൽ നാളിതുവരെ വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായില്ല. വാട്ടർ അതോറിറ്റിയുമായി കരാർ വെച്ചതിന്റെ വിവരവും ലഭ്യമായില്ല. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ തുക തടസ്സത്തിൽ വയ്ക്കുന്നു. (ബിൽ.നം. 6/18-19 തീയതി. 07.01.19 – തുക 235060/-) വിനിയോഗവിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-24 പി.എച്ച്.സി ചുറ്റുമതിൽ നിർമ്മാണം- കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും അധിക തുക പിൻവലിച്ചു

പി.എച്ച്.സി ചുറ്റുമതിൽ നിർമ്മാണവും അനുബന്ധ സൗകര്യം ഒരുക്കലും.

പ്രോജക്ട് നം.64/17.

കരാറുകാരൻ – ശ്രീ.മാമൻ എബ്രഹാം.

എം.ബുക്ക്നം.67/17

എഗ്രിമെന്റ് നം. തീയതി. 12/AE/3-3-2017

ചെലവ് വിവരങ്ങൾ

Bill.no.9/2017-18 dt.3-7-2017 amount-275260/-

Bill.no.5/18-19 dt.14-9-2018 amount-139965/-

എം.ബുക്ക് പ്രകാരം വർക്കിന്റെ ആകെ മൂല്യം 382840/-രൂപയാണ്. ഇതിനോടൊപ്പം സർവ്വീസ് ചാർജ്ജും ഒടുക്കിയിട്ടുണ്ട്. പാർട്ട് ബിൽ പ്രകാരം 275260/- രൂപ പിൻ വലിച്ചതിൽ 6228/- രൂപ റീടെൻഷൻ ഇനത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റിയതായി കാണിച്ചിട്ടുണ്ട്. 2018-19 വർഷം ഫൈനൽ ബിൽ നൽകിയപ്പോൾ വീണ്ടും കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും റീടെൻഷൻ തുകകൂടി പിൻ വലിച്ചു നൽകിയിട്ടുണ്ട്. ഇക്കാരണത്താൽ കൺസോളിഡെറ്റഡ് ഫണ്ടിൽ നിന്നും 6228/- രൂപയുടെ അധികചെലവു സംഭവിച്ചിട്ടുണ്ട്. തനതുഫണ്ട് അക്കൗണ്ടിൽ നിന്നും ടി തുക പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

### 1-25 തെരുവ് വിളക്കുകളുടെ കണക്ക് സൂക്ഷിക്കുന്നില്ല - സ്ട്രീറ്റ് ലൈറ്റിംഗ് ചാർജിനത്തിൽ പഞ്ചായത്തിന്റെ ചെലവിന് സുതാര്യതയില്ല

2018-19 സാമ്പത്തിക വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 8,66,114/- രൂപ പഞ്ചായത്ത് ചെലവാക്കിയിട്ടുണ്ട് (ഹെഡ് കോഡ്-230100101). തെരുവ് വിളക്കുകൾക്കുള്ള സ്പോട്ട് ബില്ലിംഗിനായി പഞ്ചായത്ത് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി ചെങ്ങന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കുന്ന പ്രതിമാസ ബില്ലിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നത്. (കൺസ്യൂമർ നം-1155335008131) എന്നാൽ ടി ബില്ലുകളിലെ *കണക്റ്റ് ലോഡി*നെ സാധൂകരിക്കുന്ന തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് സൂക്ഷിക്കുന്നുമില്ല. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് കേടായ വൈദ്യുതിവിളക്കുകളുടെ പുന:സ്ഥാപനത്തിനായി വൈദ്യുതവിളക്കുകൾ വാങ്ങുകയും പുതിയ സ്ട്രീറ്റ്മെയിനുകൾ സ്ഥാപിച്ച് പുതിയ വൈദ്യുതിവിളക്കുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ ഭൂരിഭാഗവും താരതമ്യേന വൈദ്യുത ഉപഭോഗം കുറഞ്ഞ സി.എഫ്.എൽ-കളോ, എൽ.ഇ.ഡി വൈദ്യുതി വിളക്കുകളോ ആണെന്നിരിക്കെ വർഷാരംഭത്തിലുണ്ടായിരുന്ന കണക്റ്റഡ് ലോഡിന്റെ 38.3 ശതമാനം വർദ്ധനവാണ് വർഷാവസാനമുള്ള ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വൈദ്യുതി ബോർഡിന്റെ താരിഫ് പ്രകാരമുള്ള സാധാരണ ബൾബ്, എൽ.ഇ.ഡി, സി.എഫ്.എൽ എന്നിവയുടെ താരതമ്യം ചുവടെ ചേർക്കുന്നു (കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ OP No.15/018 dtd.08-07-19 കാണുക).

| വൈദ്യുതി വിളക്കിന്റെ തരം | 12 മണിക്കൂറുള്ള പ്രതി ദിന ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് |
|---|---|
| സാധാരണ ബൾബ് 40 Watts | 76 |
| സാധാരണ ബൾബ് 60 Watts | 117 |

| | |
|---|---|
| സാധാരണ ബൾബ് 100 Watts | 192 |
| സി.എഫ്.എൽ -15 Watts | 25 |
| സി.എഫ്.എൽ -18 Watts | 30 |
| എൽ.ഇ.ഡി -12 Watts | 14 |
| എൽ.ഇ.ഡി -18 Watts | 21 |

നിലവിലുള്ള വൈദ്യുതവിളക്കുകൾ ഊർജ്ജ ഉപഭോഗം കുറഞ്ഞവയിലേക്ക് മാറുകയും പുതിയതായി സ്ഥാപിക്കുന്ന വൈദ്യുതവിളക്കുകളിൽ *എനർജി എഫിഷ്യന്റായ വൈദ്യതിവിളക്കുകൾ* മാത്രം ഉൾപ്പെടുത്തുകയും ചെയ്തിട്ടും വൈദ്യുതി വിളക്കുകളുടെ ബില്ലിലെ കണക്റ്റഡ് ലോഡ് വർദ്ധിച്ച് വരുന്ന അവസ്ഥയാണുള്ളത്.

2018 ഏപ്രിൽ മാസത്തെയും 2019 മാർച്ച് മാസത്തെയും തെരുവ് വിളക്കുകളുടെ വൈദ്യുതി ബില്ലിന്റെ താരതമ്യം ചുവടെ ചേർക്കുന്നു.

| മാസം | കണക്റ്റഡ് ലോഡ് | ബിൽ തുക |
|---|---|---|
| 2018 ഏപ്രിൽ | 42434 Watts | 69426 |
| 2019 മാർച്ച് | 58694 Watts | 86736 |

| കണക്റ്റഡ് ലോഡിലുണ്ടായ വർദ്ധനവ് | വർദ്ധനവിന്റെ ശതമാനം | ബിൽ തുകയിലുണ്ടായ വർദ്ധനവ് | വർദ്ധനവിന്റെ ശതമാനം |
|---|---|---|---|
| 16260 | 38.3 | 17310 | 24.9 |

കണക്റ്റഡ് ലോഡിലുണ്ടായ വർദ്ധനവിനെ സാധൂകരിക്കുന്ന രേഖകളൊന്നും പഞ്ചായത്തിൽ ലഭ്യമായിരുന്നില്ല. പഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് ഏകപക്ഷീയമായി വൈദ്യുത ബോർഡ് തീരുമാനിക്കുന്ന രീതിയിലാണ് നടപ്പാക്കപ്പെടുന്നതെന്നാണ് അനുമാനിക്കുന്നത്. പുലിയൂർ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ബില്ലിംഗിന് ആധാരമാക്കുന്ന *തെരുവ് വിളക്കുകളുടെ തരം, വാട്ടേജ്, എണ്ണം (ട്യൂബ്, ഡബിൾ ട്യൂബ്, സോഡിയം വേപ്പർ ലാമ്പ്, സി.എഫ്.എൽ, സി.എഫ്.എൽ-ഡബിൾ, എൽ.ഇ.ഡി) എന്നീ വിവരങ്ങൾ* കെ.എസ്.ഇ.ബി യിൽ നിന്ന് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് ശുപാർശ – നിലവിലുള്ള വൈദ്യുത വിളക്കുകളുടെ എണ്ണം, തരം, എന്നിവ സംബന്ധിച്ച് ഒരു സംയുക്ത പരിശോധന K.S.E.B.യുമായി ചേർന്ന് നടത്തേണ്ടതാണ്. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-26 പഞ്ചായത്തിന്റെ പ്രിന്റിംഗ് ജോലികൾ –ക്വട്ടേഷനുകൾ മത്സരക്ഷമമല്ല-പ്രിന്റിംഗ് ജോലികൾക്ക് ഉയർന്ന ചെലവ്

വാർഷിക കണക്ക് പ്രകാരം പ്രിന്റിംഗ് ജോലികൾക്കായി പഞ്ചായത്ത് സാമ്പത്തിക വർഷം 61800 രൂപ ചെലവഴിച്ചിട്ടുണ്ട് (ഹെഡ് കോഡ്- 220210101). എന്നാൽ ഇത്രയും ചെലവുണ്ടായിട്ടും പ്രിന്റിംഗ് ജോലികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതായി രേഖയില്ല. എന്നാൽ എല്ലായ്പ്പോഴും പ്രിന്റിംഗ് ജോലികൾ എം.ജി.എം. പ്രിന്റേഴ്സ്, തോന്നക്കാട് എന്ന സ്ഥാപനമാണ് നടത്തിയിട്ടുള്ളത്. A4 സൈസ് പേപ്പറിന്റെ ഇരുവശവും പ്രിന്റ് ചെയ്യുന്നതിന് 2.5 രൂപ ചെലവാകുന്ന സാഹചര്യവുമുണ്ടായിട്ടുണ്ട്. പ്രിന്റിംഗ് ജോലികൾക്കായി വർഷാരംഭം മത്സരാധിഷ്ഠിതക്വട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-27 ഉപയോഗിക്കാത്ത ബ്രോഡ് ബാൻഡ് കണക്ഷന് പഞ്ചായത്ത് തുക ചെലവഴിക്കുന്നു

പുലിയൂർ ഗ്രാമപഞ്ചായത്തിലെ 0479 2464682 ബി.എസ്.എൻ.എൽ ടെലിഫോണിന്റെ പ്രതിമാസ ബിൽ പ്രകാരം രണ്ട് സേവനങ്ങൾക്കുള്ള പ്ലാനുകളാണുള്ളത്. മാസവാടകക്ക് അനുസൃതമായ പ്ലാനുകളുടെ വിശദാംശം ചുവടെ

ചേർക്കുന്നു.

| പ്ലാൻ | മാസവാടക | ഉപയോഗം |
|---|---|---|
| FMC 180 Rural | 180 | ടെലിഫോൺ |
| BBG 375 | 375 | ബ്രോഡ്ബാൻഡ് |

ബില്ലിലെ യൂസേജ് പ്രകാരം ഈ ടെലിഫോണിൽ നിന്നും ബ്രോഡ്ബാൻഡ് ഉപയോഗം നടക്കുന്നില്ലായെന്ന് കാണുന്നു. ഉപയോഗിക്കാത്ത ബ്രോഡ് ബാൻഡ് കണക്ഷന് വർഷം മുഴുവൻ വാടക നല്കുക വഴി പഞ്ചായത്തിന് 4500/- രൂപയുടെ (+ ജി.എസ്.റ്റി) അധികചെലവ് ഉണ്ടായി. നിലവിൽ ഫൈബർ ടു ദി ഹോം (FTTH) കണക്ഷൻ ആണ് പഞ്ചായത്ത് ഉപയോഗിക്കുന്നത്. 0479 2464682 ലെ അധിക ബ്രോഡ് ബാൻഡ് സേവനം ഉപയോഗിക്കാത്ത സാഹചര്യത്തിൽ ഈ സേവനം നിർത്തലാക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-28 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം. - 08/2019.
പ്രോജക്ടിന്റെ പേര് -സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ

പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ ലൈൻ നീട്ടുന്നതിന് വേണ്ടിയുള്ള ഈ പ്രോജക്ടിന്റെ ഭാഗമായി, ചെങ്ങന്നൂർ, മാവേലിക്കര, മുളക്കുഴ എന്നീ കെ.എസ്.ഇ.ബി. ഡിവിഷനിലേക്ക് ചുവടെ പറയുന്ന തുകകൾ നല്കിയിട്ടുണ്ട്.

| കെ.എസ്.ഇ.ബി. ഡിവിഷന്റെ പേര് | നല്കിയ തുക | റിമാർക്സ് |
|---|---|---|
| ചെങ്ങന്നൂർ | 448400 | ചെങ്ങന്നൂർ 2780 മീറ്റർ സ്ട്രീറ്റ് മെയിൻ നീട്ടുന്നതിനായും 300 മീറ്റർ LT SP2 Line നിർമ്മാണത്തിനായും നല്കിയ തുക |
| മാവേലിക്കര | 114342 | 1140മീറ്റർ സ്ട്രീറ്റ് മെയിൻ നീട്ടുന്നതിനായി നല്കിയ തുക |
| മുളക്കുഴ | 39619 | 395 മീറ്റർ സ്ട്രീറ്റ് മെയിൻ നീട്ടുന്നതിനായി നല്കിയ തുക |

ഡെപ്പോസിറ്റ് വർക്കായി നടത്തിയിട്ടുള്ള മേൽ പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ചെങ്ങന്നൂർ മാവേലിക്കര എന്നീ കെ.എസ്.ഇ.ബി. സെക്ഷനുകളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മുളക്കുഴ ഇലക്ട്രിക്കൽ സെക്ഷന് നല്കിയിട്ടുള്ള തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. മുളക്കുഴ ഇലക്ട്രിക്കൽ സെക്ഷന് നല്കിയിട്ടുള്ള തുക 39619/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.
2)സ്ട്രീറ്റ് ലൈറ്റ്

സ്ട്രീറ്റ് ലൈറ്റിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് ധാരാളം തുകകൾ ചെലവഴിക്കുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച് ആധികാരികമായ കണക്ക് സ്ഥാപനം സൂക്ഷിക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റിന്റെ പരിപാലനത്തിനായി എ.എം.സി. വച്ച് തുക ചെലവഴിക്കുന്നുണ്ടെങ്കിലും തെരുവ് വിളക്കിന്റെ പരിപാലനം സംബന്ധിച്ച മാർഗ്ഗരേഖയിൽ വ്യക്തമാക്കും വിധമുള്ള സംയുക്ത പരിശോധന സ്ഥാപനം, കരാറുകാരൻ, ഇലക്ട്രിസിറ്റി ബോർഡ് എന്നിവ ചേർന്ന് നടത്തിയിട്ടില്ല. (സർക്കുലർ നം 3055/2011/ത.സ്വ.ഭ./15-09-2011 ഖണ്ഡിക 2 (ജി)) സ്ട്രീറ്റ് ലൈറ്റിനായി 18-19 വർഷം സി.എഫ്.എൽ, എൽ.ഇ.ഡി. എന്നീ ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പ്രോജക്ടിന്റെ പേര് | വാങ്ങിയ സാധനം |
|---|---|
| 82/19, സമ്പൂർണ്ണ വെളിച്ചം (ഓട്ടോമാറ്റിക് എൽ. ഇ. ഡി.) | 265 ഓട്ടോമാറ്റിക് എൽ. ഇ. ഡി. ബൾബുകൾ |
| 137/19, സ്ട്രീറ്റ് ലൈറ്റ് വാങ്ങലും സ്ഥാപിക്കലും | 390 സി.എഫ്.എൽ. ബൾബുകൾ. |

മേൽ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ട്രീറ്റ് ലൈറ്റിന്റെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി. യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും സ്ട്രീറ്റ് ലൈറ്റുകളുടെ വിശദാംശം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും ഇത് സംബന്ധിച്ച ചെലവുകളുടെ വ്യക്തത ഉറപ്പാക്കേണ്ടതുമാണ്.

3) പ്രോജക്ട് നം. -141/19

പ്രോജക്ടിന്റെ പേര് - എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്

പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 7 സ്ഥലത്ത് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2100000 രൂപ അടങ്കൽ തുക നിർണയിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ പ്രോജക്ട് (100000 രൂപ വികസന ഫണ്ട് + 2000000 രൂപ ശുചിത്വ മിഷൻ ഫണ്ട്) ഈ പ്രോജക്ടിന്റെ ഭാഗമായി 380000 രൂപ അഡ്വാൻസായി (100000 രൂപ വികസന ഫണ്ട് 280000 രൂപ ശുചിത്വ മിഷൻ ഫണ്ട്) നിർവഹണ ഏജൻസിയായ IRTC-PIU മുണ്ടൂർ, പാലക്കാടിന് നല്കിയിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| തുക | ട്രഷറി ബിൽ നം./ചെക്ക് നം. |
|---|---|
| 100000 | 27/18-19/01-03-19 |
| 280000 | ചെക്ക് നം. 026600/21-03-19 |

ഓഡിറ്റ് സമയത്ത് ഈ പ്രവൃത്തിയുടെ എഴുപത് ശതമാനത്തോളം പൂർത്തിയായതായി ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് വിശദീകരണമായി അറിയിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 380000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-29 കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്റ്റുകളിലെ അപാകതകൾ

കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം. - 135/19

പ്രോജക്ടിന്റെ പേര് – പമ്പ് സെറ്റ് വിതരണം (വ്യക്തിഗതം)

ഈ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് 5 പേർക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. ഇതിൽ 2 പേർ ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ടിട്ടില്ലാത്തവരാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നല്കിയ തുക | ട്രഷറി ബിൽ നം. |
|---|---|---|
| ജെസ്സി പോൾ,<br>വാർഡ്-3 | 10000 | 06/18-19/06-02-2019 |
| സതീഷ് കുമാർ. ഇ.ആർ.<br>വാർഡ് -6 | 6000 | 10/18-19/23-03-2019 |

ഇത് സംബന്ധിച്ച് വിശദീകരണം തേടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ ഈ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ട് എന്ന് വിശദീകരണം നല്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് കമ്മിറ്റി ഈ ഗുണഭോക്താക്കളെ അംഗീകരിച്ചതു സംബന്ധിച്ച വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. മേൽ കാരണത്താൽ ചെലവ് തുക 16000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

2) പ്രോജക്ട് നം. -100/2019

പ്രോജക്ടിന്റെ പേര് - കാർഷിക കർമസേനക്ക് യന്ത്രോപകരണങ്ങൾ വാങ്ങൽ

ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി 5 ഇന കാർഷിക യന്ത്രോപകരണങ്ങൾ റെയിഡ്കോയിൽ നിന്ന് വാങ്ങി കൃഷി ഭവന്റെ കീഴിലുള്ള കാർഷിക കർമ്മസേനക്ക് നല്കിയിട്ടുണ്ട്. സാധന വിലയുടെ 90% ആയ 328500/- രൂപ റെയിഡ്കോയ്ക്ക് നല്കിയിട്ടുണ്ട് (ട്രഷറി ബിൽ നം. 07/18-19/06-02-19). യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിന് മാത്രമേ ഉപയോഗിക്കൂയെന്നും, സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനെക്കാളും

കുറഞ്ഞത് 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാമെന്നും ഉള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കൃഷി ഓഫീസർ കർമ്മസമിതിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. (സബ്സിഡി മാർഗ്ഗരേഖ സ.ഉ. (കൈ) നം. 22/2018 /ത.സ്വ.ഭ.വ.). വാങ്ങിയ യന്ത്രസാമഗ്രികൾ വാടകയ്ക്ക് നൽകുന്നുണ്ടെങ്കിൽ വാടക തുകയുടെ വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി വഴി നല്കിയ നിർദ്ദേശത്തിന് നല്കിയ മറുപടിയിൽ യന്ത്രസാമഗ്രികൾ വാടകയ്ക്ക് നല്കുന്നില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ ഈ യന്ത്രസാമഗ്രികൾ കൃഷിഭവന്റെ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. കാർഷിക കർമ സേനയുടെ ക്യാഷ് ബുക്ക്, ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷം വാടകയിനത്തിലോ മറ്റ് തരത്തിലോ ഉള്ള യാതൊരു വരവ് തുകയും വന്നതായി കാണുന്നില്ല. കർമ സേനയുടെ പ്രവർത്തന ബൈലോയനുസരിച്ച് ബാങ്ക് അക്കൗണ്ട് കൃഷി ഓഫീസറുടെയും കർമ്മസേനയുടെയും പേരിൽ സംയുക്തമായാണ് തുടങ്ങേണ്ടത്. എന്നാൽ ബാങ്ക് അക്കൗണ്ട് കർമ്മസേനയുടെ പേരിൽ മാത്രമാണ് തുടങ്ങിയിരിക്കുന്നത്. ബാങ്ക് അക്കൗണ്ട് കൃഷി ഓഫീസറുടെയും കർമ്മസേനയുടെയും പേരിൽ സംയുക്തമായാണ് തുടങ്ങിയിരിക്കുന്നതെന്നാണ് ഇത് സംബന്ധമായുള്ള കൃഷി ഓഫീസറുടെ മറുപടിയെങ്കിലും ബാങ്ക് പാസ് ബുക്കിൽ customer name എന്നതിന് നേരെ കർമ്മസേന എന്നും joint account എന്നതിന് നേരെ none എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൃഷി ഓഫീസറുടെ പേരോ ഔദ്യോഗിക പേരോ പാസ് ബുക്കിൽ എവിടെയും ചേർത്തിട്ടില്ല. മാത്രമല്ല കറണ്ട് അക്കൗണ്ടാണ് തുടങ്ങിയിട്ടുള്ളത് ആയതിനാൽ പലിശയിനത്തിലുള്ള വരവ് നഷ്ടപ്പെട്ട് പോകുന്നതിന് കാരണമാകുന്നു. കർമ്മസേനയുടെ രസീതു ബുക്കുകൾ, ആസ്തി രജിസ്റ്റർ എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാങ്ങേണ്ട സാധന സാമഗ്രികൾ സംബന്ധിച്ച് കൃഷി ഓഫീസർ ആവശ്യകതാ നിർണയം നടത്തിയിട്ടില്ല. വാങ്ങിയ യന്ത്രോപകരണങ്ങൾ കാർഷിക കർമസേനയ്ക്ക് കൈമാറേണ്ടതും ഇവ വാടകയ്ക്ക് നൽകാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. കർമസേനയുടെ പ്രവർത്തനം ക്രിയാത്മകമാക്കാനും പഞ്ചായത്തിലെ കർഷകർക്ക് ഇതിന്റെ ഗുണഫലം ലഭ്യമാക്കാനും പഞ്ചായത്ത് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-30 പ്രളയവുമായി ബന്ധപ്പെട്ട അത്യാവശ്യങ്ങൾക്കായി പഞ്ചായത്ത് ആർജ്ജിച്ച ജംഗമ ആസ്തികളുടെ-തുടർന്നുള്ള ഉപയോഗം ഉറപ്പ് വരുത്തേണ്ടതാണ്

എ) വൌച്ചർ നം-21800443/3-11-18 പ്രകാരം പ്രളയാനന്തര പ്രവർത്തനങ്ങൾക്കായി 59000/- രൂപയ്ക്ക് 3 honda (2HP) പമ്പുകൾ വാങ്ങിയിട്ടുണ്ട്. നിലവിൽ ഈ പമ്പുകൾ കാര്യമായ ഉപയോഗമില്ലാതെ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത് ഈ ഉപകരണത്തിന്റെ തുടർ പ്രവർത്തക്ഷമതയെ ബാധിക്കാനിടയുണ്ട്. ആയതിനാൽ ടി പമ്പുകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) വൌച്ചർ നം-21800361/24-09-18 പ്രകാരം 1,96,600/- രൂപ ചെലവഴിച്ച് നൂറ് 500 ലിറ്ററിന്റെ വാട്ടർ ടാങ്കുകളും അനുബന്ധ ടാപ്പുകളും ചെങ്ങന്നൂർ റോയൽ ഏജൻസീസിൽ നിന്നും വാങ്ങിയിട്ടുണ്ട്. ടി സാമഗ്രികളുടെ വിതരണ രജിസ്റ്റർ പ്രകാരം 13 വാർഡുകളിലായി വിതരണം രേഖപ്പെടുത്തിയിട്ടുണ്ട്. വാർഡ് മെമ്പർമാരാണ് ടി ടാങ്കുകൾ കൈപ്പറ്റി ഒപ്പ് വച്ചിട്ടുള്ളത്. എന്നാൽ 3 വാർഡുകളിൽ ടാങ്കുകൾ ആർക്കും നൽകിയതായി രേഖപ്പെടുത്തലില്ല. ടാങ്കുകൾ ആർക്കൊക്കെ നൽകി എന്നും, ഇവരുടെ അർഹത എപ്രകാരം നിർണ്ണയിച്ചു എന്നും പൊതു ഉപയോഗത്തിനാണ് നൽകിയത് എങ്കിൽ വാർഡുകളിൽ ഈ ടാങ്കുകളുടെ സൂക്ഷിപ്പ് ആർക്കെന്നുമുള്ള രേഖകൾ പഞ്ചായത്തിന്റെ പക്കലില്ല. ടാങ്കുകൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ടാങ്കുകളുടെ തുടർന്നുള്ള ഉപയോഗം ഉറപ്പ് വരുത്തേണ്ടതാണ്.

### 1-31 വി.ഇ.ഒ. നടപ്പാക്കിയ പ്രോജക്ടുകൾ

വി.ഇ.ഒ. നടപ്പാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
1) പ്രോജക്ട് നം - 130/19

പ്രോജക്ടിന്റെ പേര് -വയബിലിറ്റി ഗ്യാപ് ഫണ്ട്

ഈ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് നടത്തിയ ചെലവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ചെലവ് തുക | ട്രഷറി ബിൽ നം | ചെലവിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|---|
| 13000 | 21/18-19 /27-12-18 | 2600 രൂപ ഹരിത കർമ സേനാംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തതിന് 10400/- രൂപ യൂണഫോമിന്റെ | തിരിച്ചറിയൽ കാർഡ് സ്റ്റോക്കിലെടുത്തിട്ടില്ല. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 8 പേർ |

| | | | |
|---|---|---|---|
| | | തയ്യൽ കൂലിയിനത്തിലും ചെലവായിട്ടുണ്ട്. | മാത്രമാണ് തിരിച്ചറിയൽ കാർഡ് കൈപ്പറ്റിയിരിക്കുന്നത്. |
| 10920 | 25/18-19 /11-01-19 | യൂണിഫോമിന്റെ തുണി വാങ്ങിയതിന് ചെലവായത്. | യൂണിഫോം തയ്ച്ച് സേനാംഗങ്ങൾക്ക് നൽകിയതായി രേഖയില്ല. സ്റ്റോക്കിലെടുത്തിട്ടില്ല. |
| 2250 | 35/18-19 /20-02-19 | 30 രസീത് ബുക്ക് പ്രിന്റിംഗിനായി ചെലവഴിച്ച തുക | രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. |
| 104000 | 39/18-19 /20-03-19 | ഹരിത കർമസേനാംഗങ്ങൾക്ക് വേതനം നല്കുന്നതിനായി ചെലവഴിച്ചത്. ഒരാൾക്ക് 4000/- രൂപ വച്ച് 26 പേർക്ക് നല്കിയത്. | അക്വിറ്റൻസ് സൂക്ഷിച്ചിട്ടില്ല. ഏതേത് മാസത്തെയെന്നത് രേഖപ്പെടുത്തിയിട്ടില്ല. |

മേൽ കാരണങ്ങളാൽ ചെലവ് തുക രൂപ 130170/- തടസ്സത്തിൽ വയ്ക്കുന്നു. പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**2. ഹരിത കർമസേന പ്രവർത്തനം തൃപ്തികരമല്ല**

നിലവിൽ കുടുംബശ്രീയിൽ നിന്ന് തെരഞ്ഞെടുത്ത 26 അംഗങ്ങളാണ് ഹരിതകർമ സേനയായി പ്രവർത്തിക്കുന്നത്. ഹരിത കർമ്മസേനയുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ 12-01-2018 ൽ രൂപീകരണ യോഗം നടന്നതിന് ശേഷം 31-01-2019 ൽ ഒരു യോഗം മാത്രമാണ് നടന്നിട്ടുള്ളത്. മിനിറ്റ്സ് ബുക്കിൽ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് മറ്റ് വിശദാംശങ്ങൾ ഒന്നും ചേർത്തിട്ടില്ല. മറ്റ് പല കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഒരു രജിസ്റ്ററിലാണ് മിനിറ്റ്സും രേഖപ്പെടുത്തിയിരിക്കുന്നത്. മിനിറ്റ്സ് രേഖപ്പെടുത്താൻ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള മാലിന്യ സംസ്കരണം സംബന്ധിച്ച് ആവശ്യകതാ നിർണയം നടത്തിയിട്ടില്ല. ഹരിത കർമസേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണം സംബന്ധിച്ച് പരിശീലനം നല്കിയിട്ടില്ല. യൂസർ ഫീ പിരിക്കാൻ രസീത് ബുക്ക് അച്ചടിച്ചിട്ടുണ്ടെങ്കിലും രസീത് ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ആയതിന്റെ വിതരണ വിവരം ചേർക്കുകയോ ചെയ്യുന്നില്ല. യൂസർ ഫീ സംബന്ധിച്ച നിരക്ക്, കമ്മിറ്റി തീരുമാനം എന്നിവ രേഖപ്പെടുത്തി കാണുന്നില്ല. രസീത് പ്രകാരം പിരിക്കുന്ന യൂസർ ഫീ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഹരിത കർമ്മ സേനയുടെ പ്രവർത്തനാവശ്യത്തിനായി S.B.I. യിൽ തുടങ്ങിയിട്ടുള്ള അക്കൗണ്ടിൽ യൂസർ ഫീ യായി പിരിക്കുന്ന തുക അടയ്ക്കുന്നുണ്ട്. (A/C No. 38220971276) നിലവിൽ എത്ര വീടുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് മാലിന്യം ശേഖരിക്കുന്നു എന്നതിന്റെയും ഒരു മാസത്തിൽ എത്ര തവണ വീടുകൾ, സ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കുന്നു എന്നതിന്റെയും കണക്കുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

3) ലൈഫ് -വീടുകൾ പൂർത്തിയാക്കാത്ത വീടുകൾ പൂർത്തിയാക്കാൻ നടപടി വേണം.

ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് നിർമ്മാണത്തിനാനുകൂല്യം നല്കിയതിൽ നിലവിലും ഭവനം പൂർത്തീകരിക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് | കൈപ്പറ്റിയ തുക | കരാർ വച്ച സാമ്പത്തിക വർഷം |
|---|---|---|---|---|
| 1 | മേരി, പുത്തൻ വീട്ടിൽ | 11 | 300000 | 2017-18 |
| 2 | മണിയമ്മ, രാജേഷ് ഭവനം | 8 | 40000 | 2017-18 |
| 3 | രമേശൻ, കരിപ്പാലത്തറയിൽ | 8 | 40000 | 2017-18 |
| 4 | ഭവാനിയമ്മ, കൊല്ലശ്ശേരിത്തറയിൽ | 12 | 376460 | 2017-18 |
| 5 | നിർമ്മല, ഇന്ദീവരം | 10 | 40000 | 2017-18 |
| 6 | പുഷ്പവതി, പുളിയക്കാട്ടിൽ | 9 | 300000 | 2017-18 |

| | | | | |
|---|---|---|---|---|
| 7 | രത്നമ്മ, തങ്കച്ചൻ പറമ്പിൽ | 10 | 40000 | 2017-18 |
| 8 | റെജി, മംഗലശ്ശേരിൽ | 8 | 360000 | 2018-19 |
| 9 | സുമി ജോൺ, ചാഞ്ഞു വിരുത്തിൽ | 1 | 340000 | 2018-19 |
| 10 | ചെല്ലമ്മ, തലയിണക്കണ്ടത്തിൽ | 3 | 300000 | 2018-19 |
| 11 | സുമതി, സൗമ്യ ഭവനം | 10 | 200000 | 2018-19 |
| 12 | ഗീതാഗോപാലകൃഷ്ണൻ, മലയിൽ കുന്നത്ത് | 5 | 200000 | 2018-19 |
| 13 | ശോഭാ തമ്പി, നാണിശ്ശേരിൽ | 11 | 360000 | 2018-19 |
| 14 | തങ്കമ്മ, കൊല്ലം പറമ്പിൽ | 10 | 294550 | 2018-19 |
| 15 | ധന്യ രതീഷ്, ഉത്തരപ്പള്ളിയിൽ | 11 | 200000 | 2018-19 |
| 16 | ഗിരിജ.എസ്.പിള്ള, ഇടവൂർ മഠത്തിൽ | 12 | 200000 | 2018-19 |
| 17 | രാജേഷ് കുമാർ, രാജേഷ് ഭവനം | 11 | 300000 | 2018-19 |
| 18 | ശ്രീദേവിയമ്മ, കോലത്ത് ഭവനം | 11 | 200000 | 2018-19 |
| 19 | പ്രസന്ന കുമാരി, അനൂപ് ഭവനം | | 300000 | 2018-19 |
| 20 | ശ്രീജിത്ത്, മുട്ടത്ത് പടീറ്റതിൽ | 11 | 260000 | 2018-19 |
| 21 | ശാലിനി മഹേഷ് കുമാർ, ആലമ്പള്ളിത്തറ | 4 | 200000 | 2018-19 |
| 22 | സുധ രാജേന്ദ്രൻ, കളത്ര വടക്കേതിൽ | 4 | 300000 | 2018-19 |
| 23 | സുശീല രവികുമാർ, ചിറ്റവത്തിൽ | 7 | 320000 | 2018-19 |
| 24 | വാസന്തി ഗോപി, ചരിവു മലയിൽ | 8 | 320000 | 2018-19 |
| 25 | ജ്യോതിഷ് കുമാർ, നിരവത്ത് പേരൂർ | 3 | 200000 | 2018-19 |
| എസ്.സി. | | | | |
| 1 | ഓമന, പെരുമ്പലത്ത് | 7 | 200000 | 2018-19 |
| 2 | സുനിൽ കുമാർ, വല്യത്ത് വടക്കതിൽ | 8 | 300000 | 2018-19 |
| 3 | സിന്ധു.സി, സൂരജ് ഭവൻ | 11 | 200000 | 2018-19 |
| 4 | രഘു നാഥൻ, കളത്രയിൽ വടക്കതിൽ | 4 | 340000 | 2018-19 |
| 5 | ശ്രീകുമാരി രാജേന്ദ്രൻ , ഉണ്ടിയിൽ | 10 | 300000 | 2018-19 |
| 6 | വേണു.പി, ഗന്ധർവ ഭവനം | 1 | 300000 | 2018-19 |
| 7 | ഉഷ സുരേന്ദ്രൻ, ചെമ്പൊലി മലയിൽ | 9 | 40000 | 2018-19 |
| 8 | രാമ കൃഷ്ണൻ, പൗർണമി | 1 | 200000 | 2018-19 |
| 9 | സജി ജോൺ, കഞ്ഞിക്കാട്ടിൽ | | 40000 | 2018-19 |
| 10 | കൊച്ചു മോൾ, ചാലിക്കുറ്റി പ്പറമ്പിൽ | | 40000 | 2018-19 |
| 11 | മുരളി, താമരപ്പള്ളിൽ | | 200000 | 2018-19 |

അഡ്വാൻസ് തുക 40000/- രൂപ മാത്രം കൈപ്പറ്റി ഭവന നിർമ്മാണത്തിന്റെ മറ്റ് പ്രവർത്തനങ്ങളൊന്നും നടത്താത്ത ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന് തുടർ നടപടികളൊന്നും സ്വീകരിക്കാത്ത പക്ഷം അവരിൽ നിന്നും തുക തിരികെ ഈടാക്കി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. മറ്റ് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

### 1-32 ഒഴിവുകളില്ലാത്തപ്പോഴും ക്ലർക്ക്, ഡേറ്റാ എൻട്രി തസ്തികകളിൽ താൽക്കാലിക നിയമനം .

തനത് വരുമാനം താരതമ്യേന കുറവുള്ള പഞ്ചായത്ത് യഥേഷ്ടം ദിവസവേതനഅടിസ്ഥാനത്തിൽ ക്ലാർക്ക്, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനെയുള്ള തസ്തികകളിൽ ജോലിക്ക് ആളുകളെ നിയമിക്കുന്നുണ്ട്. സർക്കാരിൽ നിന്നുള്ള സ്പഷ്ടമായ അനുമതിയുടെ അടിസ്ഥാനത്തിൽ മാത്രം ദിവസവേതനഅടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാനാണ് പഞ്ചായത്തുകൾക്ക് അനുമതിയുള്ളത് (ജി.ഒ (പി) നം-28/2016/ധന./26-02-2-16). പഞ്ചായത്തിന്റെ കേഡർ സ്റ്റെംഗ്ത് പ്രകാരം ഈ കാലയളവിൽ ദീർഘകാലമുള്ള ഒഴിവുണ്ടായിരുന്നില്ല. എന്നിട്ടും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ക്ലാർക്ക് എന്നീ തസ്തികകളിൽ വർഷം മുഴുവനും ദിസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഭരണവകുപ്പിന്റെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-33 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ടുകളിൽ വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച

വെറ്ററിനറി സർജൻ നടപ്പാക്കിയ ചുവടെ പറയുന്ന പ്രോജക്ടുകളിൽ വാങ്ങൽ നടപടിക്രമങ്ങൾ പൂർണമായും പാലിച്ചിട്ടില്ല.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ട്രഷറി ബിൽ നം. | റിമാർക്സ് |
|---|---|---|---|---|
| 67/18 | കിടാരി വിതരണം | 42000 | 03/18-19 /02-02-2019 | 7 കിടാരികളുടെ സബ്സിഡി വിതരണം ചെയ്തത് |
| | | 78000 | 06/18-19 /27-02-2019 | 13 കിടാരികളുടെ സബ്സിഡി വിതരണം ചെയ്തത് |
| 70/19 | കോഴി വളർത്തൽ | 15000 | 04/18-19 /02-02-2019 | 300 കോഴികളുടെ സബ്സിഡി വിതരണം ചെയ്തത്. |
| 92/19 | കോഴി വളർത്തൽ (എസ്.സി.) | 13500 | 05/18-19 /02-02-2019 | 180 കോഴികളുടെ സബ്സിഡി വിതരണം ചെയ്തത്. |

സബ്സിഡി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് നം. 22/2018/ത.സ്വ.ഭ.വ.) ഖണ്ഡിക 6.2, കുറിപ്പ് 3 ൽ നിർദ്ദേശിക്കും പ്രകാരമുള്ള വാങ്ങൽ സമിതി മുഖേനയല്ല വാങ്ങൽ നടത്തിയിട്ടുള്ളത്. കിടാരി വിതരണം നടത്തിയിട്ടുള്ളതിൽ കിടാരികളുടെ ഗുണമേന്മ സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ എല്ലാ അപേക്ഷകളിലും വെറ്ററിനറി സർജൻ നടത്തിയിട്ടില്ല. മുട്ടക്കോഴി വിതരണം എന്ന പ്രോജക്ടിൽ കോഴികളെ മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. കൂട് വാങ്ങൽ എന്ന പ്രവർത്തനം നടത്തിയിട്ടില്ല. വാങ്ങിയ കോഴികളുടെ എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. പദ്ധതി നിർവഹണം സംബന്ധിച്ച് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ വാങ്ങലുകൾ പ്രോക്യുവർമെന്റ് കമ്മിറ്റിയംഗീകരിച്ചതായി മറുപടി നല്കിയിട്ടുണ്ട്. എന്നാൽ വാങ്ങൽ സമിതി വാങ്ങലുകൾ പരിശോധിച്ചത് സംബന്ധിച്ച് മിനിറ്റ്സിൽ രേഖയില്ല. ഗുണമേന്മ സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ എൻക്വയറി നല്കിയതിന്റെ അടിസ്ഥാനത്തിൽ പിന്നീട് ചെയ്തിട്ടുണ്ട്. കോഴി വളർത്തുന്നതിന് സുരക്ഷിതമായ കൂട് ഉണ്ട് എന്ന ഗുണഭോക്താവിന്റെ സാക്ഷ്യപ്പെടുത്തൽ അപേക്ഷയോടൊപ്പം വച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

### 1-34 മരാമത്ത് പണികൾ പൊതു അപാകതകൾ

പുലിയൂർ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പണികളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അടങ്കൽ അഞ്ച് ലക്ഷത്തിൽ താഴെ വരത്തക്കവിധം പ്രോജക്ടുകൾ തയ്യാറാക്കുന്നതിനാൽ ഇ-ടെണ്ടർ ചെയ്യാൻ സാധിക്കാതെ വരുകയും ഒരു മത്സര ടെണ്ടറിനുള്ള അവസരം നിഷേധിക്കപ്പെടുകയും ചെയ്യുന്നു. മാന്വലായി ടെണ്ടർ നടക്കുന്ന കേസുകളിൽ എല്ലായ്പ്പോഴും രണ്ടു ടെണ്ടറുകൾ മാത്രം ലഭിക്കുകയും അതിൽ ഒന്ന് എസ്റ്റ്മേറ്റ് റേറ്റിലും രണ്ടാമത്തേത് അതിനു മുകളിലുള്ളവയുമാണ്. ഈ നടപടി മൂലം ഒരിക്കൽപോലും എസ്റ്റിമേറ്റ് നിരക്കിനു താഴെയായി ക്വോട്ട് ചെയ്യപ്പെടുന്നില്ല. എന്നാൽ മൂന്ന് പ്രോജക്ടുകൾ ഇ-ടെണ്ടർ ചെയ്തപ്പോൾ എല്ലാത്തിനും എസ്റ്റിമേറ്റ് റേറ്റിലും താഴ്ന്ന നാലും അഞ്ചും വീതം ടെണ്ടറുകൾ ലഭിച്ചു എന്നത് ശ്രദ്ധേയമാണ്. ഓരോ വർഷവും ഒരു വർക്ക് പൂർണ്ണമായി ചെയ്യുന്നതിനു പകരം കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രോജക്ടുകൾ നടപ്പിലാക്കുന്ന രീതി പഞ്ചായത്തിന്റെ സുസ്ഥിരവികസനത്തിന് സഹായകരമല്ല. പഞ്ചായത്തിന്റെ പുരോഗതി എന്ന വിശാല ലക്ഷ്യത്തിന് ഇപ്പോഴത്തെ മരാമത്ത് നിർവ്വഹണരീതിയിൽ നിന്ന് മാറ്റം അനിവാര്യമാണ്.
2. 2017-18 വർഷം ടെണ്ടറിൽ പങ്കെടുത്ത് ചില വർക്കുകൾക്ക് കുറഞ്ഞ നിരക്കു ക്വോട്ട് ചെയ്തിരുന്ന ശ്രീ.മാമൻ

എബ്രഹാം എന്ന കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റുകയോ പഞ്ചായത്തുമായി എഗ്രിമെന്റ് വക്കുകയോ ചെയ്തിരുന്നില്ല. ഇയാൾക്ക് സൈറ്റ് ഹാൻഡ് ഓവർ ചെയ്തുനൽകിയിട്ടും ഇല്ല. ഫയലിൽ ഇയാളുടെ പേരിൽ വാങ്ങിയിട്ടുള്ള ഒരു മുദ്രപത്രം മാത്രമാണ് ഉള്ളത്. ഇത് കരാറുകാരനോ നിർവ്വഹണ ഉദ്യോഗസ്ഥയോ ഒപ്പുവച്ച് ആധികാരികമാക്കിയിട്ടില്ല. എന്നാൽ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം ഇയാളുമായി എഗ്രിമെന്റ് വച്ചതായി എഗ്രിമെന്റ് നമ്പർ രേഖപ്പെടുത്തി കാണുന്നു. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി സെറ്റ് ഏറ്റെടുക്കാതിരുന്ന കരാറുകാരന്റെ ഇ.എം.ഡി മുതൽക്കൂട്ടി റീടെണ്ടർ ചെയ്യുകയോ, തൊട്ടടുത്ത നിരക്കു ക്വോട്ട് ചെയ്ത കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്ത് പ്രവൃത്തി നടത്താൻ ശ്രമം നടത്തുകയോ ചെയ്യാതെ ഈ വർക്കുകൾ എല്ലാം തന്നെ സ്പിൽ ഓവർ ആക്കുകയാണ് ചെയ്തത്. ഇതിൽ രണ്ടു വർക്കുകൾ ഇപ്പോഴും പൂർത്തിയാക്കിയിട്ടില്ല. എന്നിട്ടും 2018-19 ലും ഇതേ കരാറുകാരനു തന്നെ വീണ്ടും അഞ്ച് വർക്കുകൾ നൽകുകയും മേൽ സൂചിപ്പിച്ച അപാകത ആവർത്തിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 ൽ ഇപ്രകാരം മാറ്റി വച്ച വർക്കുകൾ ഒന്നും തന്നെ ഇതുവരെ പൂർത്തിയായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ഇപ്പോൾ വർക്കുകൾ നടക്കുന്നതായി അറിയിച്ചിട്ടുണ്ട്. കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കാതിരുന്നത് ക്രമപ്രകാരമല്ല. ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടൽ ഈ വിഷയത്തിൽ ക്ഷണിച്ചുകൊള്ളുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 ആകെ തറവിസ്തൃതിക്കനുസൃതമായി വസ്തു നികുതി ചുമത്തിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50 രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 60രൂപയും ആയിനികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം, ആകെ വിസ്തൃതി | ഉടമയുടെ പേര്<br>കെട്ടിടത്തിന്റെ നമ്പർ-തറവിസ്തൃതി-ഉപയോഗക്രമം | ചുമത്തിയ വസ്തുനികുതി<br>ലൈ.സെസ് | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി<br>ലൈ.സെസ് | വ്യത്യാസം |
|---|---|---|---|---|
| | വിജയകുമാരൻ നായർ<br>താഴെ ചെറുകര,പുലിയൂർ<br>13/448-24.3 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1236.5<br>ഇളവ് -റോഡ്<1.5 മീ-10%-123.65<br>വസ്തുനികുതി-1113<br>ലൈ.സെസ്-56 | @60<br>അടിസ്ഥാന വസ്തുനികുതി-1458<br>ഇളവ് -റോഡ്<1.5 മീ-10%-145.8<br>വസ്തുനികുതി-1313<br>ലൈ.സെസ്-66 | വസ്തുനികുതി-200<br>ലൈ.സെസ്-10 |
| | വിജയകുമാരൻ നായർ<br>താഴെ ചെറുകര,പുലിയൂർ<br>13/449-24.3 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1236.5<br>ഇളവ് -റോഡ്<1.5 മീ-10%-123.65<br>വസ്തുനികുതി-1113<br>ലൈ.സെസ്-56 | @60<br>അടിസ്ഥാന വസ്തുനികുതി-1458<br>ഇളവ് -റോഡ്<1.5 മീ-10%-145.8<br>വസ്തുനികുതി-1313<br>ലൈ.സെസ്-66 | വസ്തുനികുതി-200<br>ലൈ.സെസ്-10 |
| 1<br>**206.94ച.മീ** | വിജയകുമാരൻ നായർ<br>താഴെ ചെറുകര ,പുലിയൂർ<br>13/450-24.3 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1236.5<br>ഇളവ് -റോഡ്<1.5 മീ-10%-123.65<br>വസ്തുനികുതി-1113<br>ലൈ.സെസ്-56 | @60<br>അടിസ്ഥാന വസ്തുനികുതി-1458<br>ഇളവ് -റോഡ്<1.5 മീ-10%-145.8<br>വസ്തുനികുതി-1313<br>ലൈ.സെസ്-66 | വസ്തുനികുതി-200<br>ലൈ.സെസ്-10 |
| | വിജയകുമാരൻ നായർ<br>താഴെ ചെറുകര,പുലിയൂർ<br>13/451-24.3 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1236.5<br>ഇളവ് -റോഡ്<1.5 മീ-10%-123.65<br>വസ്തുനികുതി-1113<br>ലൈ.സെസ്-56 | @60<br>അടിസ്ഥാന വസ്തുനികുതി-1458<br>ഇളവ് -റോഡ്<1.5 മീ-10%-145.8<br>വസ്തുനികുതി-1313<br>ലൈ.സെസ്-66 | വസ്തുനികുതി-200<br>ലൈ.സെസ്-10 |
| | വിജയകുമാരൻ നായർ<br>താഴെ ചെറുകര,പുലിയൂർ<br>13/452-36.58 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1829<br>ഇളവ് -റോഡ്<1.5 മീ-10%-182.9<br>വസ്തുനികുതി-1647<br>ലൈ.സെസ്-83 | @60<br>അടിസ്ഥാന വസ്തുനികുതി-2194.8<br>ഇളവ് -റോഡ്<1.5 മീ-10%-219.48<br>വസ്തുനികുതി-1976<br>ലൈ.സെസ്-99 | വസ്തുനികുതി-329<br>ലൈ.സെസ്-16 |

| | | | | |
|---|---|---|---|---|
| | വിജയകുമാരൻ നായർ<br>താഴെ ചെറുകര,പുലിയൂർ<br>13/453-36.58 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1829<br>ഇളവ് -റോഡ്<1.5 മീ-10%-182.9<br>വസ്തുനികുതി-1647<br>ലൈ.സെസ്-83 | @60<br>അടിസ്ഥാന വസ്തുനികുതി-2194.8<br>ഇളവ് -റോഡ്<1.5 മീ-10%-219.48<br>വസ്തുനികുതി-1976<br>ലൈ.സെസ്-99 | വസ്തുനികുതി-329<br>ലൈ.സെസ്-16 |
| | വിജയകുമാരൻ നായർ<br>താഴെ ചെറുകര,പുലിയൂർ<br>13/454-36.58 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1829<br>ഇളവ് -റോഡ്<1.5 മീ-10%-182.9<br>വസ്തുനികുതി-1647<br>ലൈ.സെസ്-83 | @60<br>അടിസ്ഥാന വസ്തുനികുതി-2194.8<br>ഇളവ് -റോഡ്<1.5 മീ-10%-219.48<br>വസ്തുനികുതി-1976<br>ലൈ.സെസ്-99 | വസ്തുനികുതി-329<br>ലൈ.സെസ്-16 |
| 2<br>**142.59 ച.മീ** | സരസമണിയമ്മ, ശ്രീ ഗണേഷ് ബിൽഡിംഗ്, പുലിയൂർ<br>9/576-31.22 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1561<br>വസ്തുനികുതി-1561<br>ലൈ.സെസ്-79 | @60<br>അടിസ്ഥാന വസ്തുനികുതി-1874<br>വസ്തുനികുതി-1874<br>ലൈ.സെസ്-94 | വസ്തുനികുതി-313<br>ലൈ.സെസ്-15 |
| | സരസമണിയമ്മ, ശ്രീ ഗണേഷ് ബിൽഡിംഗ്, പുലിയൂർ<br>9/577-31.22 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1561<br>വർദ്ധനവ്-റോഡ്-312.2 (20%)<br>വസ്തുനികുതി-1874<br>ലൈ.സെസ്-94 | @60<br>അടിസ്ഥാന വസ്തുനികുതി-1874<br>വർദ്ധനവ്-റോഡ്-375<br>വസ്തുനികുതി-2249<br>ലൈ.സെസ്-112 | വസ്തുനികുതി-375<br>ലൈ.സെസ്-18 |
| | സരസമണിയമ്മ, ശ്രീ ഗണേഷ് ബിൽഡിംഗ്, പുലിയൂർ<br>9/578-21.87 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1093.5<br>വർദ്ധനവ്-റോഡ്-218.7<br>വസ്തുനികുതി-1313<br>ലൈ.സെസ്-66 | @60<br>അടിസ്ഥാന വസ്തുനികുതി-1312.2<br>വർദ്ധനവ്-റോഡ്-262.44<br>വസ്തുനികുതി-1575<br>ലൈ.സെസ്-79 | വസ്തുനികുതി-262<br>ലൈ.സെസ്-13 |
| | സരസമണിയമ്മ, ശ്രീ ഗണേഷ് ബിൽഡിംഗ്, പുലിയൂർ<br>9/579-16.88 ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-844<br>വർദ്ധനവ്-റോഡ്-168.8<br>വസ്തുനികുതി-1013 | @60<br>അടിസ്ഥാന വസ്തുനികുതി-1013<br>വർദ്ധനവ്-റോഡ്-202.6 | വസ്തുനികുതി-203<br>ലൈ.സെസ്-10 |

| | | | | |
|---|---|---|---|---|
| | | ലൈ.സെസ്-51 | വസ്തുനികുതി-1216<br>ലൈ.സെസ്-61 | |
| | സരസമണിയമ്മ, ശ്രീ ഗണേഷ് ബിൽഡിംഗ്, പുലിയൂർ<br>9/580-41.4ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-2070<br>വർദ്ധനവ്-റോഡ്-414<br>വസ്തുനികുതി-2484<br>ലൈ.സെസ്-125 | @60<br>അടിസ്ഥാന വസ്തുനികുതി-2484<br>വർദ്ധനവ്-റോഡ്-496.8<br>വസ്തുനികുതി-2981<br>ലൈ.സെസ്-150 | വസ്തുനികുതി-497<br>ലൈ.സെസ്-25 |
| 3<br>**ച.മീ**<br>**100.92** | എൻ.കെ ചെല്ലപ്പപണിക്കർ<br>നമ്പിയമല നന്ദനം-9/553-22.65ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-1113.25<br>വർദ്ധനവ്-റോഡ്-222.65<br>വസ്തുനികുതി-1336<br>ലൈ.സെസ്-67 | @60<br>അടിസ്ഥാന വസ്തുനികുതി-1359<br>വർദ്ധനവ്-റോഡ്-272<br>വസ്തുനികുതി-1631<br>ലൈ.സെസ്-82 | വസ്തുനികുതി-295<br>ലൈ.സെസ്-15 |
| | എൻ.കെ ചെല്ലപ്പപണിക്കർ<br>നമ്പിയമല നന്ദനം-9/554-13.11ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-655.5<br>വർദ്ധനവ്-റോഡ്-131.1<br>വസ്തുനികുതി-787<br>ലൈ.സെസ്-40 | @60<br>അടിസ്ഥാന വസ്തുനികുതി-786.6<br>വർദ്ധനവ്-റോഡ്-157.32<br>വസ്തുനികുതി--944<br>ലൈ.സെസ്-48 | വസ്തുനികുതി-157<br>ലൈ.സെസ്-8 |
| | എൻ.കെ ചെല്ലപ്പപണിക്കർ<br>നമ്പിയമല നന്ദനം-9/555-13.11ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-655.5<br>വർദ്ധനവ്-റോഡ്-131.1<br>വസ്തുനികുതി-787<br>ലൈ.സെസ്-40 | @60<br>അടിസ്ഥാന വസ്തുനികുതി-786.6<br>വർദ്ധനവ്-റോഡ്-157.32<br>വസ്തുനികുതി--944<br>ലൈ.സെസ്-48 | വസ്തുനികുതി-157<br>ലൈ.സെസ്-8 |
| | എൻ.കെ ചെല്ലപ്പപണിക്കർ<br>നമ്പിയമല നന്ദനം-9/557-13.013ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-650.65<br>വർദ്ധനവ്-റോഡ്-130.13<br>വസ്തുനികുതി-781<br>ലൈ.സെസ്-40 | @60<br>അടിസ്ഥാന വസ്തുനികുതി-780.78<br>വർദ്ധനവ്-റോഡ്-156.15<br>വസ്തുനികുതി-937<br>ലൈ.സെസ്-47 | വസ്തുനികുതി-156<br>ലൈ.സെസ്-7 |
| | എൻ.കെ ചെല്ലപ്പപണിക്കർ | @50 | @60 | വസ്തുനികുതി-156 |

| | | | | |
|---|---|---|---|---|
| | നമ്പിയമല നന്ദനം<br>9/558-13.013ച.മീ | അടിസ്ഥാന വസ്തുനികുതി-650.65<br>വർദ്ധനവ്-റോഡ്-130.13<br>വസ്തുനികുതി-781<br>ലൈ.സെസ്-40 | അടിസ്ഥാന വസ്തുനികുതി-780.78<br>വർദ്ധനവ്-റോഡ്-156.15<br>വസ്തുനികുതി-937<br>ലൈ.സെസ്-47 | ലൈ.സെസ്-7 |
| | എൻ.കെ ചെല്ലപ്പപണിക്കർ<br>നമ്പിയമല നന്ദനം9/559-13.013ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-650.65<br>വർദ്ധനവ്-റോഡ്-130.13<br>വസ്തുനികുതി-781<br>ലൈ.സെസ്-40 | @60<br>അടിസ്ഥാന വസ്തുനികുതി-780.78<br>വർദ്ധനവ്-റോഡ്-156.15<br>വസ്തുനികുതി-937<br>ലൈ.സെസ്-47 | വസ്തുനികുതി-156<br>ലൈ.സെസ്-7 |
| | എൻ.കെ ചെല്ലപ്പപണിക്കർ<br>നമ്പിയമല നന്ദനം9/560-13.013ച.മീ | @50<br>അടിസ്ഥാന വസ്തുനികുതി-650.65<br>വർദ്ധനവ്-റോഡ്-130.13<br>വസ്തുനികുതി-781<br>ലൈ.സെസ്-40 | @60<br>അടിസ്ഥാന വസ്തുനികുതി-780.78<br>വർദ്ധനവ്-റോഡ്-156.15<br>വസ്തുനികുതി-937<br>ലൈ.സെസ്-47 | വസ്തുനികുതി-156<br>ലൈ.സെസ്-7 |

(9/556,9/561 എന്നീ കെട്ടിടങ്ങൾ ലോഡ്ജായിട്ടാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്)

ആകെ കുറവ്-

| പേര് | വസ്തുനികുതി | ലൈബ്രറി സെസ് |
|---|---|---|
| വിജയകുമാരൻ നായർ, താഴെ ചെറുകര, പുലിയൂർ | 1787 | 88 |
| സരസമണിയമ്മ, ശ്രീ ഗണേഷ് ബിൽഡിംഗ്, പുലിയൂർ | 1650 | 81 |
| എൻ.കെ ചെല്ലപ്പപണിക്കർ, നമ്പിയമല നന്ദനം | 1233 | 59 |
| ആകെ കുറവ് | 4670 | 228 |

വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിൽ അറിയിക്കേണ്ടതാണ്.

## 2-2 ലോഡ്ജിംഗ് ആവശ്യങ്ങൾക്കായി നിർമ്മിച്ച കെട്ടിടത്തിനെ പാർപ്പിട ആവശ്യങ്ങൾക്കായി നികുതി ചുമത്തി

ശ്രീ.ഗംഗാധരൻ, ശ്രീഗംഗ, ഇലഞ്ഞിമേൽ എന്നയാളുടെ പേരിൽ നികുതി നിർണ്ണയിച്ചിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ അവയുടെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിവരങ്ങൾ അനുസരിച്ച് *ലോഡ്ജിംഗ്* ആവശ്യത്തിനായി നിർമ്മിച്ചിട്ടുള്ളതാണ്. 161.9 ച.മീറ്ററുള്ള ടി കെട്ടിടം A2 വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫോറം-6 പ്രകാരം പാർപ്പിടാവശ്യത്തിനുള്ള വസ്തുനികുതി മാത്രമാണ് ചുമത്തിയിരിക്കുന്നത്. ലോഡ്ജിംഗ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതിനിരക്ക് 30 രൂപയും പാർപ്പിടാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി നിരക്ക് 6 രൂപയുമാണ്. *2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5(1) കുറിപ്പ്-1 പ്രകാരം ലോഡ്ജുകളെ പാർപ്പിടാവശ്യകെട്ടിടങ്ങളായി പരിഗണിച്ച് നികുതി നിർണ്ണയിക്കാനാവില്ല. കൂടാതെ 1975 ലെ കേരള ബിൽഡിംഗ് ടാക്സ് നിയമപ്രകാരം ചെങ്ങന്നൂർ തഹസിൽദാർ ടി കെട്ടിടത്തെ വാണിജ്യാവശ്യകെട്ടിടമെന്ന നിലക്കാണ് കെട്ടിട നികുതി ചുമത്തിയിട്ടുള്ളത്.* വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(കുറഞ്ഞതരം മേൽക്കൂര, 1.5 മീറ്ററിൽ കുറഞ്ഞ വഴി സൌകര്യം, ദ്വീതീയമേഖല എന്നിങ്ങനെ ഇളവുകൾ നൽകിയതായി കാണുന്നു. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം വഴി സൌകര്യം 1.5 മീറ്ററിനും 5 മീറ്ററിനും ഇടയിലാണ് ആയതിനാൽ ഇളവ് ബാധകമല്ല)

| കെട്ടിട നം. | ചുമത്തിയ വസ്തുനികുതി | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി | കുറവ് |
|---|---|---|---|
| 12/513-11.32 $m^2$ | അടിസ്ഥാന വസ്തുനികുതി – 67.92<br>ഇളവ് 30%-20.376<br>P.T-48<br>L.C-3 | വസ്തുനികുതി – 339.6<br>ഇളവ്-20%-67.92<br>(കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-272<br>L.C-14 | P.T-224<br>L.C-11 |
| 12/514-11.32 $m^2$ | അടിസ്ഥാന വസ്തുനികുതി – 67.92<br>ഇളവ് 30%-20.376<br>P.T-48<br>L.C-3 | അടിസ്ഥാന വസ്തുനികുതി – 339.6<br>ഇളവ്-20%-67.92<br>(കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-272<br>L.C-14 | P.T-224<br>L.C-11 |
| 12/515-11.32 $m^2$ | അടിസ്ഥാന വസ്തുനികുതി – 67.92<br>ഇളവ് 30%-20.376<br>P.T-48<br>L.C-3 | അടിസ്ഥാന വസ്തുനികുതി – 339.6<br>ഇളവ്-20%-67.92<br>(കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-272<br>L.C-14 | P.T-224<br>L.C-11 |
| 12/516-11.32 $m^2$ | അടിസ്ഥാന വസ്തുനികുതി – 67.92<br>ഇളവ് 30%-20.376<br>P.T-48<br>L.C-3 | അടിസ്ഥാന വസ്തുനികുതി – 339.6<br>ഇളവ്-20%-67.92<br>(കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-272<br>L.C-14 | P.T-224<br>L.C-11 |
| 12/517-11.32$m^2$ | അടിസ്ഥാന വസ്തുനികുതി – 68.58ഇളവ് 30%-20.376<br>P.T-48<br>L.C-3 | അടിസ്ഥാന വസ്തുനികുതി – 342.9<br>ഇളവ്-20%-67.92<br>(കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-272<br>L.C-14 | P.T-224<br>L.C-11 |
| 12/518-11.43 $m^2$ | അടിസ്ഥാന വസ്തുനികുതി – 68.58ഇളവ്<br>ഇളവ് 30%-20.57 | അടിസ്ഥാന വസ്തുനികുതി – 342.9<br>ഇളവ്-20%-68.58<br>(കുറഞ്ഞ മേൽക്കൂര | P.T-226<br>L.C-11 |

| | | | |
|---|---|---|---|
| | P.T-49<br>L.C-3 | /ദ്വിതീയ മേഖല)<br>P.T-275<br>L.C-14 | |
| 12/519-11.43 $m^2$ | അടിസ്ഥാന വസ്തുനികുതി – 68.58ഇളവ്<br>ഇളവ് 30%-20.57<br>P.T-49<br>L.C-3 | അടിസ്ഥാന വസ്തുനികുതി – 342.9<br>ഇളവ്-20%-68.58<br>(കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-275<br>L.C-14 | P.T-226<br>L.C-11 |
| 12/520-11.43 $m^2$ | അടിസ്ഥാന വസ്തുനികുതി – 68.58ഇളവ്<br>ഇളവ് 30%-20.57<br>P.T-49<br>L.C-3 | അടിസ്ഥാന വസ്തുനികുതി – 342.9<br>ഇളവ്-20%-68.58<br>(കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-275<br>L.C-14 | P.T-226<br>L.C-11 |
| 12/521-11.43 $m^2$ | അടിസ്ഥാന വസ്തുനികുതി – 68.58ഇളവ്<br>ഇളവ് 30%-20.57<br>P.T-49<br>L.C-3 | അടിസ്ഥാന വസ്തുനികുതി – 342.9<br>ഇളവ്-20%-68.58<br>(കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-275<br>L.C-14 | P.T-226<br>L.C-11 |
| 12/522-11.43 $m^2$ | അടിസ്ഥാന വസ്തുനികുതി – 68.58ഇളവ്<br>ഇളവ് 30%-20.57<br>P.T-49<br>L.C-3 | അടിസ്ഥാന വസ്തുനികുതി – 342.9<br>ഇളവ്-20%-68.58<br>(കുറഞ്ഞ മേൽക്കൂര /ദ്വിതീയ മേഖല)<br>P.T-275<br>L.C-14 | P.T-226<br>L.C-11 |
| ആകെ കുറവ് | | | വസ്തുനികുതി 2250/-രൂപ |
| | | | ലൈബ്രറി സെസ് 110/- രൂപ |

വിശദീകരണത്തിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-19 നുള്ള മറുപടിയിൽ കെട്ടിടം A2 കൈവശഗണത്തിൽപെട്ട കെട്ടിടമാണെന്നും എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിലാണ് ഉപയോഗക്രമം പാർപ്പിടമാണെന്നതിനാലാണിപ്രകാരം *റെസിഡൻഷ്യൽ ഫ്ലാറ്റ്* എന്ന നിലയിൽ നികുതി നിർണ്ണയിച്ചതെന്നും വിശദീകരിച്ചു. എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ഇത് റസിഡൻഷ്യൽ ഫ്ലാറ്റ് അല്ല. ആയതിനാൽ ടി കെട്ടിടത്തെ മുകളിൽ പറയും പ്രകാരം നികുതി നിർണ്ണയിച്ച് 2018 രണ്ടാം അർദ്ധവർഷം മുതലുള്ള കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 റീടെൻഷൻ തുക അനുവദിച്ചതിൽ ഇരട്ടിപ്പ്

പി.എച്ച്.സി ചുറ്റുമതിൽ നിർമ്മാണവും അനുബന്ധ സൗകര്യം ഒരുക്കലും.

പ്രോജക്ട് നം.64/17.

കരാറുകാരൻ – ശ്രീ.മാമൻ എബ്രഹാം.

എം.ബുക്ക് നം.67/17

എഗ്രിമെന്റ് നം. തീയതി. 12/AE/3-3-2017

ചെലവ് വിവരങ്ങൾ

Bill.no.9/2017-18 dt.3-7-2017-amount-275260/-

Bill.no.5/18-19 dt.14-9-2018 amount-139965/-

എം.ബുക്ക് പ്രകാരം വർക്കിന്റെ ആകെ മൂല്യം 382840/- രൂപയാണ്. ഇതിനോടൊപ്പം സർവ്വീസ് ചാർജ്ജും ഒടുക്കിയിട്ടുണ്ട്. പാർട്ട് ബിൽ പ്രകാരം 275260/- രൂപ പിൻവലിച്ചതിൽ 6228/- രൂപ റീടെൻഷൻ ഇനത്തിൽ സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് മാറ്റിയതായി കാണിച്ചിട്ടുണ്ട്. 2018-19 വർഷം ഫൈനൽ ബിൽ നൽകിയപ്പോൾ വീണ്ടും കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും റീടെൻഷൻ തുകകൂടി പിൻവലിച്ച നൽകിയിട്ടുണ്ട്. ഇക്കാരണത്താൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും 6228/- രൂപയുടെ അധികചെലവു സംഭവിച്ചിട്ടുണ്ട്. തനതുഫണ്ട് അക്കൌണ്ടിൽ നിന്നും ടി തുക പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-2019 | 10-06-2019 മുതൽ 11-06-2019 | KSA-ALP/P-12-548/2019 DT1-7-2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-2019 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 2920220 | ലൈഫ് മിഷൻ | 227950 | 2692270 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 300000 | നെൽകൃഷിക്ക് കൂലിചെലവ് | 300000 | 0 |
| ആകെ | | 3320220 | | 627950 | 2692270 |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 250000 | അനുപൂരക പോഷകാഹാരം | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 1074641 | ലൈഫ് മിഷൻ | 669724 | 404917 |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 600000 | നെൽകൃഷിക്ക് കൂലിചെലവ് | 600000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 293535 | ലൈൻ എക്സ്റ്റൻഷൻ | 293535 | 0 |
| ആകെ | | 2318176 | | 1913259 | 404917 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ | 1424503 dt.28-3-2019<br>195/13-3-2019<br>196/13-3-2019 | 293535<br>293535<br>15291 | 562742 | 39619 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | 1.1.2019 ലെ LFS 11/18 ഉത്തരവ് | 7160000 | ഇല്ല | ഇല്ല | ഇല്ല | 7160000 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2009-10 | 4-12 | 11-12 | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം | പരാമർശം നിലനിൽക്കുന്നു |
| 14-15 | 2-1 | 16-17 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | പരാമർശം നിലനിൽക്കുന്നു |
| 14-15 | 2-2 | 16-17 | വസ്തുനികുതി ഈടാക്കിയതിൽ കുറവ്. | പരാമർശം നിലനിൽക്കുന്നു |

| | | | | |
|---|---|---|---|---|
| 15-16 | 2-2 | 16-17 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്. | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | ഒടുക്കിയ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1. | 12-13 | 3-2-1 | ശ്രീ.ഗിരി.എസ്.എസ്. സെക്രട്ടറി | ksa.10870/spl.cell /csc/b3/2017 dt 16-12-17 | 21600 | | 21600 |
| 2. | 12-13 | 3-2-1 | | | 9200 | | 9200 |
| 3. | 12-13 | 3-3 | ശ്രീകല.കെ.ജി. അസ്സിസ്റ്റന്റ് എൻജിനീയർ | ksa.10870/spl.cell /csc/B3/2017 dt 16-12-17 | 7815 | | 7815 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60934027 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57114165 |
| വരവിനങ്ങളിലുള്ള നഷ്ടം | 6920 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6228 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 800849 |

**(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 4670 | | ശ്രീമതി.ആർ.ശ്രീല, സെക്രട്ടറി |
| 2-2 | 2250 | | ശ്രീമതി.ആർ.ശ്രീല, സെക്രട്ടറി |
| 3-1 | | 6228 | ശ്രീമതി.അമിതാമോൾ, എ.ഇ. |
| | 6920 | 6228 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 235060 | ശ്രീമതി ബിന്ദു.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 39619 | ശ്രീമതി ആർ.ശ്രീല, സെക്രട്ടറി |
| 1-28(4) | 380000 | ശ്രീമതി ആർ.ശ്രീല, സെക്രട്ടറി |
| 1-29 | 16000 | ശ്രീമതി മഞ്ജുഷ.എൻ.എസ്., കൃഷി ഓഫീസർ |
| 1-31 | 130170 | ശ്രീമതി മഞ്ജുജോർജ്ജ്, വി.ഇ.ഒ |
| | 800849 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

2-1 – 228 (കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ)

2- 2 – 110 (കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ)

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിന്ദു.എസ്,<br>അസിസ്റ്റന്റ് സെക്രട്ടറി. | അസിസ്റ്റന്റ് സെക്രട്ടറി,<br>പുലിയൂർ ഗ്രാമപഞ്ചായത്ത് | കോളഭാഗത്ത് വീട്,<br>പൊന്നേഴ, തെക്കേക്കരപി.ഒ., |
| ശ്രീമതി ആർ.ശ്രീല, സെക്രട്ടറി | സെക്രട്ടറി,<br>പുലിയൂർ ഗ്രാമപഞ്ചായത്ത് | തോണ്ടലിൽ,<br>കൊല്ലകടവ്.പി.ഒ., ചെങ്ങന്നൂർ |
| ശ്രീമതി മഞ്ജുഷ.എൻ.എസ്., കൃഷിഓഫീസർ. | കൃഷി ഓഫീസർ,<br>പുലിയൂർ ഗ്രാമപഞ്ചായത്ത് | ഐശ്വര്യ, ചെറിശ്ശേരി, ചെങ്ങന്നൂർ |
| ശ്രീമതി മഞ്ജുജോർജ്ജ്, വി.ഇ.ഒ | വി.ഇ.ഒ.,<br>പുലിയൂർ ഗ്രാമപഞ്ചായത്ത് | മേൽപള്ളത്ത്,<br>നെടുവരംകോട്, ചെങ്ങന്നൂർ |
| ശ്രീമതി അമിതാമോൾ,<br>അസിസ്റ്റന്റ് എൻജിനീയർ | ലഭ്യമല്ല | അമ്പിളി ഭവൻ, മാടപ്പള്ളി.പി.ഒ.<br>ചങ്ങനാശ്ശേരി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ 8/1159/00/30.11.2000/08.02.2001 |

| | |
|---|---|
| 1997-98 | എൽ.എഫ്.ജി.എ5/1832/11 തീയതി 25.01.2012 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ 5/1832/11 തീയതി 30.01.2012 |
| 2003-04 | എൽ.എഫ്.ജി.എ 5/1832/11 തീയതി 30.01.2012 |
| 2004-05 | എൽ.എഫ്.ജി.എ 5/1577/13(B) തീയതി 21.05.2014 |
| 2005-06 | എൽ.എഫ്.ജി.എ 5/1577/13 തീയതി 20.05.2014 |
| 2006-07,2008-09 | എൽ.എഫ്.ജി.എ 5/1577/13 തീയതി 21.05.2014 |
| 2007-08 | എൽ.എഫ്.ജി.എ 5 1577/13 തീയതി 20.05.2014 |
| 2009-10 | എൽ.എഫ്.ജി.എ 5 /1577/13 തീയതി 21.05.2014 |
| 2010-11,2011-12 | എൽ.എഫ്.ജി.പി 5 /195/14 തീയതി 22.05.14/04.07.2014 |
| 2012-13 | എൽ.എഫ്.ജി.പി 5 /201/15 തീയതി 04.08.2015 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി5/199/2016 തീയതി 22.03.2016 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി12/821/2016 തീയതി 26.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി12/1265/2016 തീയതി 16.11.2016 |
| 2016-17 | കെഎസ്.എ-എ.എൽ.പി-പി12/1065/2017 തീയതി 19.08.2017 |
| 2017-18 | കെഎസ്.എ-എ.എൽ.പി-പി12/1495/2018 തീയതി 04.12.2018 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം.1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**അനുബന്ധം.2**

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ